# ഗിരിദീപം

സെപ്റ്റംബർ 2023



സെപ്റ്റംബർ 08

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ








**മണിപ്പൂരിൽ പീഡിപ്പിക്കപ്പെടുന്ന ക്രൈസതവർക്ക്**
**ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തലശ്ശേരി**
**അതിരൂപതയിൽ AKCC യുടെ ആഭിമുഖ്യത്തിൽ**
**ചെമ്പേരിയിൽ നടന്ന ഉപവാസസമരത്തിൽ നിന്ന്.....**
**2023 ഓഗസ്റ്റ് 15**





സെപ്റ്റംബർ 2023

വാല്യം 06
ലക്കം 09

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

1. Prot. No. 506/2023, Circular No.08/2023 .................................. 05
2. കച്ചേരിക്കാര്യം ........................................................... 09
3. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ..................................... 17
4. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ............................................ 24
5. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ................................................ 28
   തിരുബാലസഖ്യം ........................................................... 35
6. യൂത്ത് അപ്പൊസ്റ്റൊലേറ്റ് .................................................... 38
7. ഫാമിലി അപ്പൊസ്റ്റൊലേറ്റ് .................................................. 42
8. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........................................ 47
   നിർമ്മലഗിരി കോളേജ് ..................................................... 49
   സാൻജോസ് അക്കാദമി ..................................................... 50
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ................................. 51
9. ലെ അപ്പൊസ്റ്റൊലേറ്റ് ........................................................ 54
   കെസിബിസി മദ്യവിരുദ്ധ സമിതി ........................................... 57
   ADAM ........................................................................ 60
10. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ..................................... 62
   എയ്ഞ്ചൽ ട്രസ്റ്റ് ........................................................... 65
   ബയോ മൗണ്ടൻ ഫാർമേഴ്സ് ................................................ 66
   ഇൻഫാം ..................................................................... 67
   ധ്യാനകേന്ദ്രങ്ങളിലൂടെ .................................................... 68
11. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ......................... 69
12. Engagements - September (Archbishop Mar Joseph Pamplany)......... 72
13. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) .......................... 73
14. Engagements - September (Archbishop Mar George Njaralakatt) .........75
15 വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........................... 76
16. Engagements - September (Archbishop Mar George Valiamattam).......78

# സർക്കുലർ

## മാർ ജോസഫ് പാംപ്ലാനി

Prot. No. 506/ 2023, Circular No. 08/2023

## വൈദികരുടെ വാർഷിക ധ്യാനം

ഈശോയിൽ പ്രിയപ്പെട്ടവരെ,

നമ്മുടെ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ വാർഷിക ധ്യാനം പതിവുപോലെ രണ്ട് ബാച്ചുകളിലായി നടക്കുകയാണ്. ഒന്നാമത്തെ ബാച്ചിന്റെ ധ്യാനം 2023 സെപ്റ്റംബർ 17-ാം തീയതി ഞായറാഴ്ച വൈകിട്ട് 7 മണി മുതൽ 22-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് ഒരു മണിവരെ തലശ്ശേരി മൈനർ സെമിനാരിയിലും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം സെപ്റ്റംബർ 24-ാം തീയതി ഞായറാഴ്ച വൈകിട്ട് 7 മുതൽ 29-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് ഒരു മണിവരെ പരിയാരം മദർഹോമിൽ വച്ചുമാണ് നടക്കുന്നത്. കാഞ്ഞിരപ്പള്ളി രൂപതാംഗവും അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടറുമായ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചനാണ് ധ്യാനം നയിക്കുന്നത്.

ദൈവത്തിനും ദൈവജനത്തിനുമായി ജീവിതം മാറ്റിവച്ച പുരോഹിതർ തങ്ങളുടെ ജീവിതത്തെ നിരന്തരമായി നവീകരിക്കാനും തങ്ങൾക്കു ലഭിച്ച ദൈവവിളിയെക്കുറിച്ച് ധ്യാനിക്കുവാനും തങ്ങളുടെ കുറവുകളെ കണ്ടെത്തി പരിഹരിച്ച് വരപ്രസാദത്തിൽ നിലനിൽക്കാനുമാണ് എല്ലാവർഷവും വാർഷിക ധ്യാനത്തിനായി ഒരാഴ്ച മാറ്റിവയ്ക്കുന്നത്. മറഞ്ഞിരിക്കാൻ പറ്റാത്ത ഉയരമുള്ള മലയിലാണ് പുരോഹിതന്റെ വാസം (മത്താ. 5,14) പുരോഹിതൻ ആ മലമുകളിൽ നക്ഷത്രതുല്യം പ്രകാശിക്കണം. സഭാപിതാവായ വി. സിറിൽ പറയുന്നു: “ദൈവീകമാണ് പുരോഹിതനിൽ നിക്ഷിപ്തമായിരിക്കുന്ന ദൗത്യം”.

ഈ ദൗത്യനിർവ്വഹണത്തിന് പുരോഹിതൻ ശക്തി സംഭരിക്കുന്ന അവസരമാണ് വാർഷിക ധ്യാനം.

പുരോഹിതന്റെ വ്യക്തിപരമായ വിശുദ്ധീകരണം സഭാഗാത്രത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ കാര്യമാണെന്ന് സഭാപ്രബോധനങ്ങൾ ആവർത്തിച്ചു പഠിപ്പിക്കുന്നുണ്ട്. "പൗരോഹിത്യം സഭയെ രൂപപ്പെടുത്തിയ സഭയുടെ അവിഭാജ്യഘടകമാണ്. പുരോഹിതരുടെ ശുശ്രൂഷ പൂർണ്ണമായും സഭക്കുവേണ്ടി മാത്രമാണ്. അത് മുഴുവൻ ദൈവജനത്തിന്റെ പൊതുപൗരോഹിത്യ ശുശ്രൂഷയെ സമ്പന്നമാക്കുന്നതിനാണ്. ഓരോ പുരോഹിതനും സാർവ്വത്രിക സഭയുടെ വളർച്ചയ്ക്കു വേണ്ടിയുള്ളതാണ്" (വി. ജോൺപോൾ രണ്ടാമൻ, *Pastores Dabo Vobis*). ഈശോക്കുവേണ്ടി ദാഹത്തോടെ നില്ക്കുന്ന ദൈവജനത്തെ നിത്യജീവന്റെ ഉറവയിലേക്ക് നയിക്കുവാൻ ഓരോ വൈദികനും നിരന്തരം പരിശ്രമിക്കുന്നുണ്ട്. ഈശോയുമായുള്ള ആഴമായ വ്യക്തിബന്ധമാണ് പുരോഹിതനെ തന്റെ ശ്രേഷ്ഠമായ വിളിയുടെ ദൗത്യനിർവഹണത്തിന് പ്രാപ്തനാക്കുന്നത്.

പ്രിയപ്പെട്ട ദൈവജനമേ, വൈദികർക്കുവേണ്ടി ഈ ധ്യാനദിവസങ്ങളിൽ നിങ്ങൾ തീക്ഷ്ണമായി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കാൻ കൂടിയാണ് ഈ സർക്കുലർ നിങ്ങൾക്കെഴുതുന്നത്. "എന്റെ ഹൃദയത്തിനിണങ്ങിയ ഇടയന്മാരെ നിങ്ങൾക്കു ഞാൻ തരും" എന്ന വാഗ്ദാനം നമുക്ക് അനുസ്മരിക്കാം. അടിമത്തത്തിൽ കഴിഞ്ഞ ദൈവജനത്തിന്റെ കരം ദൈവസന്നിധിയിലേക്ക് ഉയർന്നപ്പോഴാണ് മോശ എന്ന നേതാവിനെ ദൈവം ഇസ്രായേൽ ജനത്തിന് നല്കിയത്. നമ്മുടെ സഭയ്ക്കുവേണ്ടിയും പുരോഹിതർക്കുവേണ്ടിയും കൂടുതൽ പ്രാർത്ഥിക്കേണ്ട ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. ദൈവജനത്തിന്റെ സ്വപ്നങ്ങൾക്കൊപ്പം ഉയർന്ന് നല്ല ഇടയനായ ഈശോയെ പ്രതിഫലിപ്പിക്കുവാൻ ഓരോ പുരോഹിതനും തീക്ഷ്ണമായി ആഗ്രഹിച്ച് പ്രാർത്ഥിക്കുന്ന അവസരമാണ് വാർഷിക ധ്യാനദിനങ്ങൾ. നിങ്ങളുടെ ഇടവകകളിൽ സേവനം ചെയ്യുന്ന വൈദികർ ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ അവർക്കുവേണ്ടി ത്യാഗപൂർവ്വം പ്രാർത്ഥിക്കുമല്ലോ.

വിശുദ്ധിയും തീക്ഷ്ണതയുമുള്ള അനേകം വൈദികരാൽ സമ്പന്നമാണ് നമ്മുടെ അതിരൂപത. അപൂർവ്വം ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും കുടിയേറ്റ ജനതയുടെ ഒപ്പം നടന്ന് ഈശോക്കുവേണ്ടി

ജീവിച്ച വൈദികഗണം നമ്മുടെ അനുഗ്രഹമാണ്. 367 വൈദികരും 204 ഇടവകകളുമുള്ള ദൈവജനത്തിന്റെ കൂട്ടായ്മയാണ് തലശ്ശേരി അതിരൂപത. നിരന്തരമായ പ്രാർത്ഥനയാൽ എന്റെ മേൽപട്ട ശുശ്രൂഷയ്ക്കു ശക്തി പകരുന്ന നിങ്ങളോടുള്ള അഗാധമായ നന്ദി ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ഈശോയുടെ വിശുദ്ധ സഭയോടും പൗരോഹിത്യത്തോടും നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും ആദരവിനും ഈശോ പ്രതിഫലം നല്കട്ടെ. 'ഞങ്ങളുടെ വൈദികരെ വിശുദ്ധീകരിക്കണമേ' എന്ന പ്രാർത്ഥന വൈദികരുടെ ധ്യാനദിനങ്ങളിൽ നിങ്ങളുടെ ഹൃദയത്തിലും അധരത്തിലുമുണ്ടായിരിക്കട്ടെ.

നിങ്ങളെ എല്ലാവരെയും ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കുന്നു. ഏവരെയും പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ + ആശീർവദിക്കുന്നു.

സ്നേഹത്തോടെ, നിങ്ങളുടെ പിതാവ്

**+ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്നും 2023 ആഗസ്റ്റ് 24 ന് വി. ബർത്തലോമിയോ ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ നൽകപ്പെട്ടത്.

---

*NB:* ഈ സർക്കുലർ 2023 സെപ്റ്റംബർ 10-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

## ബഹു. വൈദികരുടെ വാർഷിക ധ്യാനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും വാർഷിക ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് നിങ്ങൾക്കറിയാമല്ലോ. ഏതെങ്കിലും ഗൗരവതരമായ കാരണത്താൽ ധ്യാനത്തിൽ പങ്കെടുക്കുവാൻ പറ്റുന്നില്ലെങ്കിൽ അഭിവന്ദ്യ പിതാവിൽനിന്നും നേരിട്ട് അനുവാദം വാങ്ങണം.
2. രണ്ട് ബാച്ചുകളിലും ധ്യാനം ഞായറാഴ്ച വൈകിട്ട് 7 മണിക്ക് ജപമാലയോടെ ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചഭക്ഷണത്തോടെ അവസാനിക്കും.
3. ബഹു. വൈദികർ തങ്ങളുടെ കൈവശമുള്ള കുമ്പസാര പത്തോന്തികൾ ധ്യാനത്തിനു വരുമ്പോൾ കൊണ്ടുവന്ന് പുതുക്കേണ്ടതാണ്.
4. ബഹു. വികാരിയച്ചൻ ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ ഇടവകയുടെ അടിയന്തര അജപാലന കാര്യങ്ങൾക്ക് അടുത്ത പ്രദേശത്തുള്ള ബഹു. വൈദികരെ ചുമതലപ്പെടുത്തുകയും പ്രസ്തുത വിവരം പള്ളിയിൽ അറിയിക്കുകയും ചെയ്യണം.
5. ധ്യാനത്തിനു വരുമ്പോൾ കൊത്തീന, സൂനാറ, ഊറാറ, കുർബ്ബാന കണക്ക് ബുക്ക്, കുമ്പസാര പത്തോന്തി, ബൈബിൾ, യാമപ്രാർത്ഥനാ പുസ്തകം, ഒരു ബഡ് ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്.
6. ധ്യാനത്തിനു വരുമ്പോൾ ബഹു. വൈദികർ പി.പി.എഫിൽ അടയ്ക്കാനുള്ള വ്യക്തിവിഹിതവും ഇടവകാ വിഹിതവും കൊണ്ടുവരേണ്ടതാണ്.
7. മറ്റ് ധ്യാനകേന്ദ്രങ്ങളിൽ ധ്യാനിച്ചവരും ഈ ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
8. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് കച്ചേരിക്കാര്യത്തിൽ നൽകിയിട്ടുണ്ട്.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കച്ചേരിക്കാര്യം
സെപ്റ്റംബർ 2023

**1. പുതിയ നിയമനങ്ങൾ**

**റവ. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**

തളിപ്പറമ്പ് മലനാട് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (TTI) ന്റെ അഡ്മിനിസ്ട്രേറ്ററായി ബഹു. ജേസഫ് വടക്കേപ്പറമ്പിൽ അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. 2023 ജൂലൈ 17ന് ബഹു. ജോസഫച്ചൻ ചാർജ് എടുത്തു. കഴിഞ്ഞ രണ്ട് വർഷങ്ങളായി ബഹു. പോൾ എടത്തിനകത്ത് അച്ചനായിരുന്നു അഡ്മിനിസ്ട്രേ റ്ററായി ശുശ്രൂഷ ചെയ്തിരുന്നത്. നെടുവാലൂർ പള്ളിയുടെ ഉത്ത രവാദിത്വത്തോടൊപ്പം വളരെ ത്യാഗപൂർവ്വമായ ശുശ്രൂഷ കാഴ്ച വച്ച പ്രിയപ്പെട്ട റിനോയി അച്ചന് അതിരൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ എന്ന ഉത്തരവാദിത്വത്തോടൊപ്പം പുതിയ നിയമനം ലഭിച്ചി രിക്കുന്ന പ്രിയപ്പെട്ട വിപിനച്ചന് എല്ലാ വിജയാശംസകളും നേരുന്നു.

**റവ. ഫാ. ഫ്രാൻസിസ് ഇട്ടിയപ്പാറ എം.സി.ബി.എസ്**

പേരാവൂർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന ദൈവാലയത്തിലെ അസി. വികാരിയായി ബഹു. ഫ്രാൻസിസ് ഇട്ടി യപ്പാറ എം.സി.ബി.എസ് അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. 2023 ജൂലൈ 28ന് ഫ്രാൻസീസ് അച്ചൻ പേരാവൂർ എത്തി ശുശ്രൂഷ ആരംഭിച്ചു. ബഹു. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ അച്ചന്റെ സഹോദര നാണ് ബഹു. ഫ്രാൻസീസ് അച്ചൻ. തലശ്ശേരി വൈദിക കൂട്ടായ്മ യിലേയ്ക്ക് ബഹു. ഫ്രാൻസീസ് അച്ചന് ഹൃദ്യമായ സ്വാഗതം.

**റവ. ഫാ. തോമസ് കുമ്പളന്താനത്ത്**

ചെമ്പേരി ലൂർദ്ദ് മാതാ ഫൊറോനാ ഇടവകയുടെ അസി. വികാരിയായി ഭദ്രാവതി രൂപതാംഗമായ ബഹു. തോമസ് കുമ്പ

ഉന്താനത്ത് അച്ചനെ അഭി. പിതാവ് നിയമിച്ചു. 2023 ജൂൺ 17ന് ബഹു. തോമസ് അച്ചൻ ശുശ്രൂഷ ആരംഭിച്ചു. തലശ്ശേരി വൈദിക കൂട്ടായ്മ യിലേയ്ക്ക് ബഹു. തോമസച്ചന് ഹൃദ്യമായ സ്വാഗതം.

**2. ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം**

തലശ്ശേരി അതിരൂപതയിലെ ബഹു. വൈദികരുടെ ഈ വർഷത്തെ വാർഷികധ്യാനം പതിവുപോലെ രണ്ടുബാച്ചുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. 2023 സെപ്റ്റംബർ 17 ഞായർ മുതൽ 22 വെള്ളി യാഴ്ച വരെ ആദ്യബാച്ചിന്റെ ധ്യാനം തലശ്ശേരി മൈനർ സെമിനാരി യിലും സെപ്റ്റംബർ 24 മുതൽ 29 വെള്ളിയാഴ്ച വരെ രണ്ടാം ബാച്ചിന്റെ ധ്യാനം പരിയാരം മദർ ഹോമിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. (ആഗസ്റ്റ് മാസത്തിലെ ഗിരിദീപത്തിൽ ധ്യാനസ്ഥലത്തെക്കുറിച്ച് നല്കിയിരുന്ന അറിയിപ്പിൽ വന്ന മാറ്റം ശ്രദ്ധിക്കുമല്ലോ) കാഞ്ഞിരപ്പള്ളി രൂപതാം ഗവും അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടറുമായ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചനാണ് ഈ വർഷത്തെ ധ്യാനം നയി ക്കുന്നത്. ഓരോ ബാച്ചിലും ധ്യാനത്തിൽ സംബന്ധിക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

## Priests Annual Retreats 2023 Sept.r 17 -22, Sept. 24-29

### I Batch (September 17-22 - Minor Seminary, Thalassery)

**Rev. Frs (Sl.No Name)**

1. Achandiyil George
2. Anacharil Joseph
3. Arackal Kuriakose
4. Anakkallil Antony
5. Anakkallil James
6. Anithanam Joseph
7. Anthyamkulam Johnson
8. Areeplackal Mathew
9. Asarikunnel George
10. Attel Emmanuel
11. Chakkanikunnel Thomas
12. Chalil George CST
13. Chakkittamuriyil Thomas
14. Chellamkottu James
15. Chellamkottu Mathew
16. Chanakkattil Antony
17. Chelamaram George
18. Chennoth Sebastian
19. Cheripuram Sebastian
20. Cheruvil Thomas
21. Chiranackal Scria
22. Chittett Antony
23. Edukkunnel Elias
24. Elanjiparambil James
25. Elukkunnel George
26. Eruppakkatt Philip
27. Ezhuparayil Joseph
28. Ikkaraparambil Joseph
29. Ittiyappara Sebastian
30. Kakkaramattathil Joseph
31. Kakkattil Jose
32. Kalapurackal Joseph
33. Kalarickal Joseph
34. Kalarimuriyil George

35. Kallumkal Mathew
36. Kandathil Paul
37. Kanjirathinkal Joseph
38. Karakkattu Philip
39. Karottu George
40. Kaviyil Philip
41. Kayammackal Mathew
42. Kizhakethalackal Martin
43. Kizhukkarakattu Joji CM
44. Kochupurackal Abraham
45. Koluthappallil Joseph
46. Koonanickal Thomas
47. Koovapparayil John
48. Kovattu George
49. Kottukapally Thomas
50. Kovoorputhenpurayil John
51. Koyipuram Joseph (Edwin)
52. Kumblanthanath Thomas
53. Kunnel Mathew
54. Kurisummoottil Joseph
55. Kuttikkattukunnel Jacob
56. Madappanthottukunnel Joseph
57. Madathimyalil Abraham
58. Malakkaran Joseph
59. Mampuzhackal Ruble Martin SJ
60. Manchapillil Joseph
61. Manickathazhe Jose
62. Manjakkunnel Maichael
63. Mannoor John( Giftin)
64. Marakkassery Sebastian RCJ
65. Marrasseril Thomas
66. Mattathil Joseph
67. Meprath Justin HGN
68. Moonnanapally James
69. Mundackal Jose
70. Mundamattam Thomas
71. Mundankunnel George
72. Msgr. Muthukunnel Antony
73. Muttathukunnel Joseph
74. Muttumannil Philip
75. Nallukunnel Antony OFM Conv.
76. Narimattathil Jospeh CST
77. Nirappel Alex
78. Nirappel Joseph
79. Nooramackal John
80. Olickal Mathew
81. Olikarottu Thomas
82. Onamkulam John
83. Msgr. Ottaplackal Joseph
84. Padinjareanisseril George
85. Padinjaremuriyil Pious
86. Padinjareyil Jacob
87. Palakeel Joseph
88. Paliathil Mathew OFM
89. Pallickal Thomas
90. Pampackal Thomas
91. Panengadan Renson ISCH
92. Panthallooparambil Kuriakose
93. Paravarakath Mathew
94. Pathickal Thom
95. Pattamkulam Thomas
96. Plavunilkumparambil Kuriakose
97. Ponnambel John
98. Ponatt Abraham
99. Poovannikkunnel Jose
100. Poovassery Mathew OFM Cap
101. Poovathanikunnel Scaria
102. Poovathinkal Emmanuel
103. Pottemplackal Mathew
104. Poweth Joseph
105. Pulickal George
106. Puthennadayil James
107. Puthenpurackal Xavier (Snr)
108. Puthussery Abraham
109. Puthussery Joseph
110. Rathappillil Joseph
111. Rathappillil Francis
112. Sasthampadavil Mathew

113. Srambickal Melwin OFM Cap
114. Thattuparambil Paul Colping
115. Thekkanal Xavier MCBS
116. Thekkel Andrews
117. Thekkevayalil George
118. Thelakkatt Xavier
119. Thengumpallil Sebastian
120. Thengumpallil Thomas
121. Thykunnumpuram Joseph
122. Urumpukattil Augustine
123. Vadakkan Augustine
124. Vadakemulanjanal Thomas
125. Vadakemuriyil Thomas
126. Vadakkeparambil Joseph
127. Vadakkettu Thomas MSJ
128. Valiaparambil Mathew
129. Valiplackal Thomas
130. Vallattu Paily OFM Cap
131. Valloppilly Paul
132. Varambakath Scaria
133. Vellaringattu George
134. Velloorputhenpurayil Thomas
135. Vengaparambil Johnson
136. Vettiyanickal Antony
137. Vayalunkal Joseph
138. Vengakunnel Mathew
139. Venkittayil John OCD
140. Vennayappillil Jacob
141. Vettickal Jose

## <u>II Batch (September 24-29 - Mother Home)</u>

**Rev. Frs (Sl.No Name)**

1. Aikkara Joseph MCBS
2. Alamkottu Mathew
3. Amakkattu Thomas
4. Ambattu Sebastian
5. Anakkallil Joseph
6. Arackal Augustin
7. Areechira Sebastian OCD
8. Asariparambil Mathew
9. Attangattil Thomas
10. Chakkananickal Scaria
11. Chakkanikkunnel Paul CMI
12. Chackamkunnel Augustin
13. Chakyarath Mathew
14. Chalil George
15. Chathanattu Joseph
16. Chennappally George
17. Chempananickal John
18. CheriampurathVarghese
19. Cheriyamkunnel Joseph
20. Cherussery Joseph
21. Chooracka Raphel VC
22. Edathinakath Paul
23. Edayadiyil Sebastian
24. Msgr. Elamthuruthipadavil Mathew
25. Elavumkunnel George (Roby)
26. Elavumkunnel George (Snr)
27. Enacheril Joseph
28. Kadakkuzhayil Jude
29. Kalappura George
30. Kalapurackal Varghese
31. Kalathil Thomas
32. Kalarickal Kuriakose
33. Kanakkattu Joseph
34. Kaniyamparambil Thomas Ofm
35. Kanjirakkatt George
36. Karickal Mathew
37. Karikkathadathil George
38. Kavanadiyil Joseph
39. Kayamkattil George
40. Keezharathil Thomas
41. Kidarathil Thomas
42. Kizhuthara George
43. Kochukarottu Thomas

44. Kolangayil Thomas OFM Cap
45. Kolakunnel Kuriakose
46. Konickal Mathew
47. Konnayil Thomas
48. Koonankiyil Emmanuel
49. Kottucherady Mathew
50. Koottiyanickal Augustine MSJ
51. Kottarathil Joseph
52. Koyipuram Jospeh (Jibi)
53. Kudilil Mathew
54. Kudiparambil Chacko
55. Kudumpanthanam Joseph O. prem
56. Kulathara Joseph
57. Kunnath Varghese
58. Kurumpurath Mathew HGN
59. Kurumuttath Kuriakose CRM
60. Kuthuly Joseph HGN
61. Madassery Lukose
62. Manavath Thomas
63. Mangattil Mathew OFM Cap
64. Manjalamkunnel Antony
65. Manjalamkunnel Joseph
66. Mattakkottil Antony
67. Mattappallil Lukose
68. Mattathil Isaac
69. Melvettom Mani
70. Menachery Louis Mariadas
71. MenappattupadickalThomas
72. Mookkilikkattu Sebastian
73. Mukkuzhy Mathew(Akhil)
74. Mundaplackal Joseph
75. Munjanatt Antony
76. Muttathupara Sebastian
77. Naduvilekkutt Thomas
78. Narikuzhy Mathew
79. Nedungattu Jacob
80. Nellithanath Dennis
81. Nelluvelil George
82. Neendoor Thomas
83. Nirappel Scaria
84. Nooranmackal Joseph
85. Odiyathinkal Lawrence SCJ
86. Orathel Kuriakose
87. Orathel Joseph
88. Paimpillil Thomas
89. Msgr. Palakuzhy Sebastian
90. Palamattam Mathew
91. Pallikunnel Antony
92. Pallineerackal Jacob
93. Panamkuzhiyil Thomas
94. Pandiamakel Augustine
95. Panthalanickal Thomas
96. Panjikkunnel Jacob
97. Parappalliyath Martin
98. Pariyanickal Mathew
99. Pathiyottil Joseph
100. Pazheparambil George
101. Podimattam Sebastian
102. Pookamala Thomas
103. Poovanatt Antony O.Pream
104. Poovanpuzha Thomas
105. Poovatholil Joseph
106. Pravarthummalayil Mathew
107. Pulickakunnel Jacob
108. Punchatharappel George
109. Puliyurumbil Johnson
110. Punnure Antony
111. Purathemuthukattil Don Bosco
112. Puthenpurackal Xavier (Jnr)
113. Puthenpurackal John MCBS
114. Puthukulangara Kuriakose
115. Puthumana Joseph
116. Souryamthadathil Sebastian OFM Cap
117. Thadathilputhenveettil Thomas
118. Thakidiyel Joseph
119. Thayyil Thomas
120. Thekkedath Sebastian

121. Thekkemuryil Mathew
122. Thekkemuriyil Antony
123. Thenammackal Joseph
124. Thottiyil Jomy Joseph
125. Thykunnumpuram George
126. Vadasseril Scaria
127. Valavanal Mathew
128. Vallimala George
129. Varambakath Lazar
130. Varanath Joseph
131. Varickanickal Martin
132. Vattamkattel Thomas
133. Vazhakatt John
134. Vemmenikkattayil Sebastian
135. Vettiyanickal Varghese

**3. ആദരാഞ്ജലികൾ**

**1. ശ്രീ. ഫിലിപ്പ് തെക്കേമുറി (83) :** ബഹു. മാത്യു തെക്കെമുറി അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ഫിലിപ്പ് തെക്കേമുറി 2023 ജൂലൈ 28ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ കോതമംഗലം രൂപതയിലെ തൊടുപുഴ അടുത്തുള്ള പെരുമ്പള്ളിച്ചിറയിലുള്ള സെന്റ് ജോസഫ്സ് ദൈവാലയ സിമിത്തേരിയിൽ 2023 ജൂലൈ 29 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ഷാജി അച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. ശ്രീ. കുട്ടിയച്ചൻ ആനക്കല്ലിൽ (76) :** ബഹു. ആന്റണി ആനക്കല്ലിൽ അച്ചന്റെ സഹോദരൻ ശ്രീ. കുട്ടിയച്ചൻ ആനക്കല്ലിൽ 2023 ജൂലൈ 30 ന് നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ 2023 ജൂലൈ 31 ന് മാങ്ങോട് സെന്റ് മേരീസ് ദൈവാലയ സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട ജ്യേഷ്ഠന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. സിബിയച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**3. റവ. ഫാ. മാത്യു പ്ലാത്തോട്ടത്തിൽ :** അവിഭക്ത തലശ്ശേരി



അതിരൂപതാംഗമായിരുന്ന റവ. ഫാ. മാത്യു പ്ലാത്തോട്ടത്തിൽ 2023 ജൂലൈ 31 ന് നിര്യാതനായി. തലശ്ശേരി, മാനന്തവാടി, അമേരിക്കയിലെ ഫീനിക്സ് രൂപതകളിൽ ബഹു. മാത്യു അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. 1697ൽ തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച മാത്യു അച്ചൻ മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ ആ രൂപതയിൽ അംഗമായി.

1992 മുതൽ അദ്ദേഹം അമേരിക്കയിലെ ഫീനിക്സ് രൂപതയിൽ ചേർന്ന് ശുശ്രൂഷ നിർവഹിച്ചു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി താമരശ്ശേരി രൂപതയുടെ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. മൃതസംസ്കാര ശുശ്രൂഷകൾ 2023 ആഗസ്റ്റ് 1 ന് കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയ സിമിത്തേരിയിൽ നടന്നു. ബഹു. മാത്യു അച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ. ബഹു. മാത്യു അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4. റവ. സി. തോമസീന എഫ്.സി.സി (82) :** ഫ്രാൻസിസ്കൻ



ക്ലാരിസ്റ്റ് സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ ബഹു. സി. തോമസീന 2023 ആഗസ്റ്റ് 7 ന് നിര്യാതയായി. നിരവധി ഇടവകകളിൽ സ്തുത്യർഹമായ സേവനം നല്കിയ തീക്ഷ്ണമതിയായ ഒരു സന്യാസിനിയായിരുന്നു ബഹു. സി. തോമസീന. മൃതസംസ്കാര ശുശ്രൂഷകൾ 2023 ആഗസ്റ്റ് 8 ന് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ കുന്നോത്ത് എഫ്.സി.സി നോവിഷ്യേറ്റ് ഭവനത്തോടു ചേർന്നുള്ള സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**5. റവ. സി. എവരിസ്റ്റ സി.എം.സി (84) :** സി.എം.സി തലശ്ശേരി



സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. എവരിസ്റ്റ 2023 ആഗസ്റ്റ് 7 ന് നിര്യാതയായി. തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ ത്യാഗപൂർണ്ണമായ സേവനം നല്കിയിട്ടാണ് ബഹു. സി. എവരിസ്റ്റ വിടപറഞ്ഞത്. മൃതസംസ്കാര ശുശ്രൂഷകൾ 2023 ആഗസ്റ്റ് 8 ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നെല്ലിക്കാംപൊയിൽ പ്രൊവിൻഷ്യൽ ഹൗസ് സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**6. റവ. സി. സ്റ്റെല്ല എഫ്.സി.സി (83) :** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനീ സമൂഹം തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ ബഹു. സി. സ്റ്റെല്ല 2023 ആഗസ്റ്റ് 14 ന് നിര്യാതയായി. തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിൽ ആത്മാർപ്പണം നടത്തി



ശുശ്രൂഷ ചെയ്ത ശ്രേഷ്ഠയായ ഒരു സന്യാസിനിയായിരുന്നു ബഹു. സി. സ്റ്റെല്ല. മൃതസംസ്കാര ശുശ്രൂഷകൾ 2023 ആഗസ്റ്റ് 15 ന് പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലിന്റെ മുഖ്യ കാർമ്മികത്വത്തിൽ കുന്നോത്ത് എഫ്.സി.സി. നോവിഷ്യേറ്റ് ഹൗസിനോടു ചേർന്നുള്ള സിമിത്തേരിയിൽ നടന്നു. ബഹു. സി. സ്റ്റെല്ലയുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

## 4. സ്നേഹസ്മൃതി

| | | |
|---|---|---|
| 1. | റവ. ഫാ. ജോസഫ് മഴുവഞ്ചേരി | - 02-09-1985 |
| 2. | റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം | - 05-09-2007 |
| 3. | റവ. ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ | - 11-09-2020 |
| 4. | റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ | - 13-09-2013 |
| 5. | റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ. | - 15-09-1966 |
| 6. | റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. | - 17-09-1988 |
| 7. | റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) | - 19-09-1979 |
| 8. | റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. | - 20-09-1979 |
| 9. | റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) | - 20-09-1988 |
| 10. | റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് | - 22-09-1982 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

സെപ്റ്റംബർ മാസം എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജന്മ ദിനമാണല്ലോ. പാപരഹിതയായി ജനിച്ച്, ദൈവവരപ്രസാദത്തിൽ ജീവിച്ച പരിശുദ്ധ അമ്മയെ അനുകരിച്ച് നമുക്കും വിശുദ്ധിയിൽ വളരാം. എട്ടുനോമ്പ് അനുഷ്ഠിച്ച് അമ്മയുടെ പിറവിത്തിരുന്നാളിന് ഒരുങ്ങാം.

ഏലിയാ സ്ലീവാ മൂശ കാലത്ത് മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെയും വി. സ്ലീവായുടെ മഹത്വത്തെയും നാം ധ്യാനവിഷയമാക്കുകയാണല്ലോ. സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ്. കുരിശുമരണം വഴി ഈശോ നേടിത്തന്ന രക്ഷയും ജീവനും നമുക്കും സ്വന്തമാക്കാം. വിശ്വാസം പരിശീലിക്കുന്ന എല്ലാ കുഞ്ഞുങ്ങളെയും ഈ രക്ഷയുടെ അനുഭവത്തിലേക്ക് (രക്ഷയുടെ പാതയിൽ) നമുക്ക് നയിക്കാം.

## 1. ഓണപരീക്ഷ - സെപ്റ്റംബർ 10

ഓണപരീക്ഷ സെപ്റ്റംബർ 10-ാം തീയതിയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠങ്ങൾ താഴെ കൊടുക്കുന്നു. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്തുവാൻ പാടില്ല.** 10-ാം തീയതി ഞായറാഴ്ചത്തെ കുട്ടികൾക്കു വേണ്ടിയുള്ള വി. കുർബാനയുടെ സമയം പരീക്ഷയുടെ സമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

### A. ജനറൽ ചോദ്യങ്ങൾ

**4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കിന്റെ ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതായിരിക്കും. ജനറൽ ചോദ്യങ്ങൾ ഓഗസ്റ്റ് 19-ന്

പ്രധാധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകിയിട്ടുണ്ട്. അധ്യാപകർ കുട്ടികൾക്ക് ജനറൽ ചോദ്യങ്ങൾ കൊടുത്ത് അവരെ ഒരുക്കേണ്ടതാണ്.

**B. മാർക്ക്വിഭജനം**

| | | | |
|---|---|---|---|
| പാഠപുസ്തകം | 50 | ഉപപാഠം | 10 |
| നമസ്ക്കാരം | 5 | ജനറൽ ചോദ്യങ്ങൾ | 5 |
| ആഭ്യന്തര മൂല്യനിർണ്ണയം | 20 | മതബോധന മണിക്കൂർ | 10 |

**C. പാഠഭാഗങ്ങൾ**

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-4 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-5 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>ഭാഗം 1:1 -5 അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-4 വരെയുള്ള അദ്ധ്യായങ്ങൾ<br>1-2 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 1-5 വരെയുള്ള അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 7-24) |

NB: പരീക്ഷയ്ക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും 30 മാർക്കിന്റെ ആഭ്യന്തര മൂല്യനിർണ്ണയവുമാണുള്ളത്. കൂടുതൽ വിവരങ്ങൾക്കായി പുതിയ ഹാൻഡ് ബുക്കോ പ്രോഗ്രസ് കാർഡോ കാണുക.

## 2. മതബോധന മണിക്കൂർ

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിച്ചുവല്ലോ. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനവേദി. കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് വിശ്വാസപരിശീലന സംബന്ധമായ കാര്യങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന സമയമാണ് മതബോധന മണിക്കൂർ. ക്ലാസ് അധ്യാ

പകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

### 3. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 4. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

### 5. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും
2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ
3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം.

### 6. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ

വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാർ നയിക്കേണ്ട ടീമിനെ അതിരൂപത വിശ്വാസപരിശീലനകേന്ദ്രം നൽകുന്നതാണ്. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീല കരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഓഗസ്റ്റ് മാസത്തിൽ നടന്ന സെമിനാറുകൾ:** ചെമ്പേരി, പൈസക്കരി, തോമാപുരം, വായാട്ടുപറമ്പ്, പേരാവൂർ എന്നീ ഫൊറോനകളിൽ വിശ്വാസ പരിശീലകർക്ക് സെമിനാർ നടത്തി.

**ഏകദിനസെമിനാർ: സെപ്റ്റംബർ മാസം**

| | | | |
|---|---|---|---|
| കുന്നോത്ത് | - സെപ്റ്റംബർ 6 | മണിക്കടവ് | - സെപ്റ്റംബർ 7 |
| ചെറുപുഴ | - സെപ്റ്റംബർ 9 | ആലക്കോട് | - സെപ്റ്റംബർ 9 |
| മാലോം | - സെപ്റ്റംബർ 9 | വെള്ളരിക്കുണ്ട് | - സെപ്റ്റംബർ 9 |
| മേരിഗിരി | - സെപ്റ്റംബർ 22 | തളിപ്പറമ്പ് | - സെപ്റ്റംബർ 22 |
| എടൂർ | - സെപ്റ്റംബർ 22 | നെല്ലിക്കാംപൊയിൽ | - സെപ്റ്റംബർ 27 |

## 7. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2023-2024 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർ ശനം സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴി ഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീ കരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർ മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 8. മതബോധന കൗൺസിൽ /പി.ടി.എ.

സൺഡേ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമാക്കേണ്ടതിന് കുട്ടിക ളുടെ രക്ഷിതാക്കളെ വിളിച്ചുകൂട്ടി അവർക്ക് ക്ലാസ് കൊടുക്കേണ്ടതും എല്ലാ ഇടവകകളിലും മതബോധന കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

## 9. ആസ്പെക്ട് 2023-2024

2023-2024 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരി ശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"സീറോമലബാർസഭയുടെ ആരാധ നക്രമവിശ്വാസപരിശീലനം"** എന്ന പുസ്തകമാണ്. 282 പേജുകളുള്ള ഈ പുസ്തകത്തിന് 110 രൂപയാണ് വിലയായി നല്കേണ്ടത്. ഈ വർഷം മൂന്ന് ഓൺലൈൻ പരീക്ഷയും രണ്ട് എഴുത്തു പരീക്ഷയും ഉണ്ടായിരിക്കുന്നതാ ണ്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി

നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. പരീക്ഷാ സംബന്ധമായ മറ്റു വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 10. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാ ധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാ ത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 11. വിശ്വാസപരിശീലകരുടെ ധ്യാനം

2022-2023 പ്രവർത്തന വർഷത്തിൽ പരിയാരം മദർഹോമിൽ വച്ച് വിശ്വാസപരിശീലകർക്ക് മൂന്ന് ദിവസം നീണ്ടു നിന്ന വചനാഗ്നി ധ്യാനം സംഘടിപ്പിരുന്നുവല്ലോ. അതിന്റെ തുടർച്ചയായി സെപ്റ്റംബർ 29 വെള്ളി യാഴ്ച വൈകുന്നേരം 5 മണി മുതൽ ഒക്ടോബർ 1 ഞായറാഴ്ച വൈകു ന്നേരം 5 മണിവരെ ധ്യാനം സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നു (കഴിഞ്ഞ വർഷത്തെ ധ്യാനത്തിൽ പങ്കെടുത്തവർക്കുവേണ്ടി മാത്രം). ധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ സെപ്റ്റംബർ 15-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 12. ഫൊറോന പ്രസിഡണ്ട് - വിസിറ്റേഴ്സ്: നന്ദിയും സ്വാഗതവും

സൺഡേസ്കൂൾ ഫൊറോന പ്രസിഡണ്ടുമാരായി സ്തുത്യർഹമായ സേവനം ചെയ്ത ശ്രീ. ബിജു കുപ്പോഴയ്ക്കൽ (ആലക്കോട്), ശ്രീ. ജോസ് മണലേൽ (എടൂർ), ശ്രീ. രാരിച്ചൻ നെടുമലയിൽ (കുന്നോത്ത്), ശ്രീ. ജോൺസൺ അന്തിക്കാട് (പനത്തടി), ശ്രീ. ജോയി ഓരത്തേൽ (തളിപ്പറ മ്പ്) എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ സ്നേഹംനിറഞ്ഞ നന്ദി. പുതിയ ഫൊറോന പ്രസിഡണ്ടുമാരായി നിയമിതരായിരിക്കുന്ന ശ്രീ. ജസ്റ്റിൻ മംഗലത്തിൽ (ആലക്കോട്), ശ്രീ. ജോസഫ് ചെമ്പോത്തനാടിയിൽ (എടൂർ), ശ്രീ. ടോം കുറുന്തോട്ടം (കുന്നോത്ത്), ശ്രീ. പീയൂസ് പറേടം (പനത്തടി), ശ്രീ. ബേബി പുഞ്ചായിൽ (തളിപ്പറമ്പ്) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

സൺഡേസ്കൂൾ ഫൊറോന വിസിറ്റർമാരായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. ജോസ് കുഴിവേലിൽ (കാസർഗോഡ്), ശ്രീ. വിൽസൺ കന്നുകെട്ടിയേൽ (പൈസക്കരി), ശ്രീ. ജോർജ് അമ്പാട്ട് (പേരാവൂർ), ശ്രീ. ബെന്നി മുരിങ്ങയിൽ (തളിപ്പറമ്പ്), ശ്രീ. ഷിജിത്ത് കുഴിവേലിൽ (തോമാപു രം) എന്നിവർക്ക് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ സൺഡേ സ്കൂൾ വിസിറ്റർമാരായി നിയമിതരായിരിക്കുന്ന ശ്രീ.

തോമസ് ആലപ്പാട്ട് (എടൂർ), ശ്രീ. പ്രിൻസ് വട്ടുകുളം (കാസർഗോഡ്), ശ്രീ. രാജു മുണ്ടോളിക്കൽ (ചെമ്പേരി), ശ്രീ. സിബിച്ചൻ പള്ളിച്ചിറ (പൈസക്കരി), ശ്രീ. ജോസഫ് മാടപ്പള്ളിക്കുന്നേൽ (പേരാവൂർ), ശ്രീ. തോമസ് കുരിശുംമൂട്ടിൽ (തളിപ്പറമ്പ്), ശ്രീ. സജിമോൻ കൊല്ലക്കൊമ്പിൽ (തോമാപുരം), ശ്രീ. ജോണി പൂവത്തിങ്കൽ (മാലോം), ശ്രീ. സണ്ണി മുണ്ടോളിക്കൽ (നെല്ലിക്കാംപൊയിൽ) എന്നിവർക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## 13. സർവ്വേ ഫോം – നന്ദി

2023–2024 അധ്യയനവർഷത്തെ വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം സമയബന്ധിതമായി ഓഫീസിൽ എത്തിച്ച എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

## 14. വിയാനി ഡേ – നന്ദി

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ബഹു. വൈദികരെ ആദരിച്ച എല്ലാ വിശ്വാസപരിശീലകർക്കും കുട്ടികൾക്കും നന്ദി.

## 15. മാതാവിന്റെ സ്വർഗാരോപണ തിരുന്നാൾ – നന്ദി

പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുന്നാളിനോടും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തോടും അനുബന്ധിച്ച് എല്ലാ സൺഡേ സ്കൂളുകളിലും ഗ്രൂപ്പ് പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ നേതൃത്വം നൽകിയ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും വിശ്വാസപരിശീലകർക്കും നന്ദി. വ്യത്യസ്തങ്ങളായ പ്രോഗ്രാമുകൾ അവതരിപ്പിച്ച കുട്ടികൾക്ക് അഭിനന്ദനങ്ങൾ.

## 16. സീറോ മലബാർ പ്രതിഭാ അവാർഡ്

ഓരോ രൂപതയിൽനിന്നും 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന-തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കിവരുന്നു.

**ഇടവകാതലം:** സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന 12-ാം ക്ലാസ്സ് കുട്ടികൾക്കുള്ള സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനാതല തെരഞ്ഞെടുപ്പ് ഒക്ടോബർ 02 ന് നടക്കുന്നതിനാൽ ഇടവകാതല തെരഞ്ഞെടുപ്പ് സെപ്റ്റംബർ 22-നുള്ളിൽ നടത്തേണ്ടതാണ്. 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും, വിശ്വാസജീവിതത്തിലും മികവു പുലർത്തുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയുമാണ് ഫൊറോനതല തെരഞ്ഞെടുപ്പിനായി അയക്കേണ്ടത്. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകയിൽനിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിന് അയക്കാവുന്നതാണ്.** ഇടവകയിൽനിന്നും

തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ സെപ്റ്റംബർ 25-ന് മുമ്പായി ബഹു. ഫൊറോന പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

**ഫൊറോനതല ക്യാമ്പ് :** ഫൊറോനതല ക്യാമ്പ് **ഒക്ടോബർ 02-ന്** ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുകയില്ല.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനതലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **ഒക്ടോബറിൽ 7, 8** തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ (2 ആൺ കുട്ടികൾ, 2 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പിൽ അന്നുതന്നെ ഇടേണ്ടതാണ്. ക്യാമ്പിന് 200 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

## 17. അവാർഡ് ജേതാവിന് അഭിനന്ദനങ്ങൾ

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി.സി. അബ്രഹാം പല്ലാട്ടുകുന്നേലിന്റെ പാവനസ്മരണ നിലനിർത്തുന്നതിനായി ഏർപ്പെടുത്തി നൽകിവരുന്ന കുഞ്ഞേട്ടൻ പുരസ്കാരത്തിന് ഈ വർഷം അർഹയായ തലശ്ശേരി അതിരൂപത വെളിമാനം സൺഡേസ്കൂളിലെ വിശ്വാസപരിശീലക ഏലിക്കുട്ടി എടാട്ട് ടീച്ചറിന് വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ.

## 18. സോൾട്ട് 2023

ഈ വർഷം സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് സോൾട്ട് 2023 ഒക്ടോബർ-നവംബർ മാസങ്ങളിൽ നടത്തുന്നതാണ്.

## 19. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ പുഞ്ച, കോളയാട്, നെടുംപുറംചാൽ, കൊളക്കാട്, ചെങ്ങോം, കണിച്ചാർ, ചെട്ടിയാംപറമ്പ്, ചേപ്പറമ്പ്, ചീക്കാട്, മേരിഗിരി എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ മാടത്തിൽ, പയ്യന്നൂർ, ചെങ്ങോം എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്തൊലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**1. തിയോളജി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ പൂർത്തിയായി**

2023-24 വർഷത്തെ ബിരുദ ബിരുദാനന്തര കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷൻ പൂർത്തിയായി. ഈ വർഷം 400 ൽ പരം വിദ്യാർത്ഥികളാണ് പുതുതായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ ദൈവശാസ്ത്രപഠനത്തിനായി പ്രവേശിച്ചിരിക്കുന്നത്.

**2. സെപ്റ്റംബർ മാസത്തിലെ ക്ലാസ്സുകൾ**

**BTh**

01. അടിസ്ഥാന ധാർമ്മിക ദൈവശാസ്ത്രം - *സെപ്റ്റം. 3 (മലയാളം)*
02. അടിസ്ഥാന ധാർമ്മിക ദൈവശാസ്ത്രം - *സെപ്റ്റം. 9 (ഇംഗ്ലീഷ്)*

**MTh**

01. പൗലോസ് ശ്ലീഹായുടെ അജപാലനവീക്ഷണങ്ങൾ - *സെപ്റ്റംബർ 6 (ഇംഗ്ലീഷ്)*
02. പൗലോസ്ശ്ലീഹായുടെ അജപാലനവീക്ഷണങ്ങൾ - *സെപ്റ്റംബർ 13 (മലയാളം)*
03. വി. കുർബ്ബാനയുടെ ദൈവശാസ്ത്രം - *സെപ്റ്റംബർ 27 (ഇംഗ്ലീഷ്)*

**3. ബിരുദദാന ചടങ്ങ് ഡിസംബർ 16-ശനിയാഴ്ച**

ഈ വർഷം ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ഡിസംബർ 16 ന് നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**4. ലോഗോസ് പഠന സഹായി**

ലോഗോസ് ക്വിസിന് നൽകിയിരിക്കുന്ന പഠനഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 3000 ത്തിലധികം വരുന്ന ചോദ്യോത്തരങ്ങളുടെ സമാ

ഹരണമായ പഠനസഹായി ബൈബിൾ അപ്പൊസ്റ്റൊലേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് 80 രൂപ പ്രകാരം ലഭ്യമാണ്.

**5. ലോഗോസ് ബൈബിൾ ക്വിസ് - 2023**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 23-ാമത് ലോഗോസ് ബൈബിൾ ക്വിസിന്റെ പഠനഭാഗങ്ങളും തീയതിയും ശ്രദ്ധിക്കുമല്ലോ.

**പഠനഭാഗങ്ങൾ**

| | |
|---|---|
| **ജോഷ്വ 13-24** | **പ്രഭാഷകൻ 27-33** |
| **വി. ലൂക്കാ 1-8** | **2 കൊറി 1-6** |

**പരീക്ഷാതീയതികൾ**

രൂപതാതലം : 2023 സെപ്റ്റം. 24, 2.00 pm - 3.30 pm
സംസ്ഥാനതലം : 2023 നവംബർ 5
മെഗാ ഫൈനൽ : 2023 നവംബർ 18-19
രജിസ്ട്രേഷൻ : **2023 ജൂൺ 1 മുതൽ ജൂലൈ 31 വരെ**

**6. അഭിനന്ദനങ്ങൾ**

ഈ വർഷത്തെ ലോഗോസ് ക്വിസിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച എടൂർ, ചെമ്പേരി, പേരാവൂർ എന്നീ ഇടവകകളിലെ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും മതാദ്ധ്യാപകർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**7. അഖില കേരള ബൈബിൾ കലോത്സവം**

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 29,30 തീയതികളിൽ എറണാകുളം, തേവര സേക്രട്ട് ഹാർട്ട് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**1). രചനാ മത്സരങ്ങൾ**

1. മത്സരത്തിന് അയയ്ക്കുന്ന കൃതികൾ സ്വന്തവും സ്വതന്ത്രവുമായിരിക്കണം. അനുകരണമോ വിവർത്തനമോ മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.
2. രചനകളിൽ പേരോ വിലാസമോ എഴുതരുത്. **പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിൽ എഴുതി പിൻ ചെയ്തിരിക്കണം.**
3. കടലാസിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ. ചെറുകഥ 6 പേജുകളിലും (പ്രിന്റ് 3 പേജ്) ലേഖനം 10 പേജുകളിലും (പ്രിന്റ് 6 പേജ്) കവിത 60 വരികളിലും കവിയരുത്. ഏകാങ്കനാടകം 30 മിനിറ്റുകൊണ്ട് അവതരിപ്പിക്കുന്നതായിരിക്കണം.

4. രചനകൾ അയയ്ക്കുന്ന കവറിൽ അഖിലകേരള ബൈബിൾ കലോത്സവം 2023 എന്ന് എഴുതിയിരിക്കണം.

5. **മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനു മുൻപ് വേറെ കോപ്പി കരുതേണ്ടതാണ്.**

6. രചനകൾ 50 രൂപ രജിസ്ട്രേഷൻ ഫീസിനൊപ്പം സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.ബി നമ്പർ 2251, കൊച്ചി-682025 എന്ന വിലാസത്തിൽ 2023 നവംബർ 16 നു മുൻപ് ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ടതാണ്. **ഈ തീയതിക്ക് ശേഷം ലഭിക്കുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.**

7. സമ്മാനർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കുവാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും.

8. വിദഗ്ധരുടെ ഒരു സമിതിയായിരിക്കും രചനകൾ പരിശോധിക്കുന്നതും വിജയികളെ നിശ്ചയിക്കുന്നതും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

9. ലേഖന മത്സരം മൂന്നു ഗ്രൂപ്പുകൾക്കായിട്ടാണ് നടത്തപ്പെടുക.

| | | |
|---|---|---|
| ഗ്രൂപ്പ് നമ്പർ 1 | : | അല്മായർ |
| വിഷയം | : | **സിനഡാലിറ്റിയും സഭാനവീകരണവും** |
| ഗ്രൂപ്പ് നമ്പർ 2 | : | സെമിനാരി വിദ്യാർത്ഥികൾ |
| വിഷയം | : | **സിനഡാത്മകതയും സഭാജീവിതവും** |
| ഗ്രൂപ്പ് നമ്പർ 3 | : | സന്യാസിനികൾ |
| വിഷയം | : | **സിനഡാത്മകത ബൈബിളിൽ** |

10. അവതരണ മത്സരങ്ങളോടൊപ്പമായിരിക്കും പെയിന്റിംഗ് മത്സരവും നടത്തുന്നത്. മത്സരസമയത്ത് ബൈബിളിൽനിന്നും നല്കുന്ന വിഷയത്തിനനുസരിച്ചായിരിക്കണം പെയിന്റിംഗ് നടത്തേണ്ടത്. അതിനാവശ്യമായ എല്ലാ ഉപകരണങ്ങളും പങ്കെടുക്കുന്നവർ കൊണ്ടുവരേണ്ടതാണ്. പേപ്പർ സംഘാടകർ നൽകുന്നതാണ്. മത്സരത്തിന് വാട്ടർ കളറാണ് ഉപയോഗിക്കേണ്ടത്. മത്സരത്തിന്റെ സമയം 2 മണിക്കൂർ ആയിരിക്കും.

**2) കലാ മത്സരങ്ങൾ**

അഖില കേരള ബൈബിൾ കലോത്സവത്തിന് ഒരുക്കമായുള്ള കലാമത്സരങ്ങൾ ഒക്ടോബർ 22,23 തീയതികളിൽ തലശ്ശേരി അതിരൂപത കലോത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്നു. ബൈബിൾ ഏകാങ്ക നാടക മത്സരം, സംഘനൃത്തം എന്നിവയാണ് മത്സര ഇനങ്ങൾ. മത്സരങ്ങളുടെ അവതരണം തികച്ചും വി. ഗ്രന്ഥാധിഷ്ഠിതമായിരിക്കണം. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## നിബന്ധനകൾ

### I. ബൈബിൾ നാടകം

1) അവതരണ സമയം 20 മിനിറ്റിൽ കവിയാൻ പാടില്ല. ഒരു നാടകം അവസാനിച്ച് 5 മിനിറ്റ് കഴിഞ്ഞ് സ്റ്റേജ് സജ്ജീകരണത്തിന് 10 മിനിറ്റ് സമയം ലഭിക്കുന്നതാണ്. നാടകം കഴിഞ്ഞ് 5 മിനിറ്റിനുള്ളിൽ സ്റ്റേജ് സ്വതന്ത്രമാക്കി കൊടുക്കേണ്ടതാണ്. സ്റ്റേജ് സജ്ജീകരണത്തിനുള്ള സമയത്തിന് ശേഷമേ നാടകം ആരംഭിക്കാവൂ.

2) സ്റ്റേജിൽ ബാക്ക് കർട്ടൻ, ഫ്രണ്ട് കർട്ടൻ, രണ്ട് ഫുട്ട് ലൈറ്റ്, മൈക്ക് എന്നിവ ലഭിക്കുന്നതാണ്.

3) വിലയിരുത്തൽ - ഇതിവൃത്തം (25), അവതരണം (25), സംവേദനം (25), അഭിനയം (25).

### II. സംഘനൃത്തം

1) ക്രിസ്ത്യൻ തീം ആയിരിക്കണം
2) 7 പേരടങ്ങുന്ന ടീമായിരിക്കണം
3) താളം
4) ചടുലമായ ചുവടുകൾ
5) ആകർഷകമായ വേഷം

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്തൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ലോകം മുഴുവനും വേണ്ടി നൊമ്പരങ്ങളേറ്റെടുത്ത സഹരക്ഷകയായ പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിന്റെയും, സുവിശേഷത്തെ സ്പന്ദിക്കുന്ന ജീവിതമാക്കിക്കൊണ്ട് സമർപ്പിത ജീവിതത്തിന്റെ വഴിത്താരയിലൂടെ വെളിച്ചമായി കടന്ന് നീങ്ങിയ വി. മദർതെരേസയുടെ തിരുനാളിന്റെയും ലോകത്തിന്റെ ശക്തികൾക്ക് മുമ്പിൽ വിജയം നേടിയ വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : മാതാവിന്റെ പിറവിതിരുനാൾ<br>കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

അനുസ്മരിക്കുന്ന വിശുദ്ധൻ : വി. മദർ തെരേസ, വി. മത്തായി<br>വി. വിൻസെന്റ് ഡി പോൾ

പ്രാർത്ഥനാനിയോഗം : മിഷൻലീഗ് സ്ഥാപകർക്കുവേണ്ടി

സുകൃതജപം : വി. കുരിശേ, എന്റെ രക്ഷയുടെ അടയാളമേ

വചനാമൃതം : വി. ലൂക്കാ 6-ാം അധ്യായം

### 1. ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 വെള്ളി | : എട്ട് നോമ്പ് ആരംഭം, നിയോഗം: മിഷൻലീഗ് സംഘടനയ്ക്കുവേണ്ടി |
| 3 ഞായർ | : നെല്ലിക്കാംപൊയിൽ മേഖലകളിലുള്ള ശാഖകൾ സന്ദർശനം |
| 5 ചൊവ്വ | : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം |
| 8 വെള്ളി | : മാതാവിന്റെ ജനനതിരുനാൾ |
| 9 ശനി | : ഫാ. ജോസഫ് മാലിപ്പറമ്പിൽ 25-ാം ചരമ വാർഷികം. അനുസ്മരണം, അസാധാരണസമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം, ഡയറക്ടേഴ്സ് ദിനം |

14 വ്യാഴം : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
16 ശനി : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുന്നു.
17 ഞായർ : പൈസക്കരി മേഖലകളിലുള്ള ശാഖകൾ സന്ദർശനം
21 വ്യാഴം : സാഹിത്യശില്പശാല - സന്ദേശഭവൻ,
22 വെള്ളി : സംസ്ഥാന സാഹിത്യമത്സരം
24 ഞായർ : ചെമ്പേരി മേഖലകളിലുള്ള ശാഖകൾ സന്ദർശനം
26 ചൊവ്വ : ലോകബധിരദിനം
29 വെള്ളി : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖാമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: ഫാ. ജോസഫ് മാലിപ്പറമ്പിൽ 25-ാം ചരമ വാർഷികം, ഡയറക്ടേഴ്സ് ദിനം, എക്സിക്യൂട്ടീവ്, എം റ്റി സി ഒന്നാം ക്ലാസ്സ്, ദിനാചരണങ്ങൾ - കാരുണ്യ പ്രവർത്തനം, അഗതിമന്ദിരങ്ങൾ സന്ദർശിക്കുന്നു, സംസ്ഥാന സാഹിത്യ മത്സരം, മേഖലാ കലോത്സവം, അധ്യാപക ദിനം, സംസ്ഥാന സാഹിത്യ മത്സരം

### 3. അധ്യാപകദിനം

സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനത്തോടനുബന്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ ഭീമനടി സ്കൂളിൽ വെച്ച് അധ്യാപകദിനം നടത്തുന്നതായിരിക്കും.

### 4. കാരുണ്യ ദിനം

സെപ്റ്റംബർ 5-ാം തിയതി വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതിമന്ദിരങ്ങളുമായി ഫോണിൽ വിളിച്ച് ആശംസകൾ അറിയിക്കുകയും സാധിക്കുന്ന കാരുണ്യപ്രവർത്തികൾ ചെയ്യുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ അട്ടക്കണ്ടം അംബ്രോസ് സദനിൽവെച്ച് കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

### 5. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, സ്ഥാപകദിനവും, അംഗത്വ നവീകരണവും

ഒക്ടോബർ 1-ാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വ നവീകരണവും സ്ഥാപകദിനവും, വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും തിരഞ്ഞെടുക്കപ്പെട്ട ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

### 6. മിഷൻ പച്ചക്കറിത്തോട്ടം

മിഷൻ പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 30 ന് മുൻമ്പ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം പേര് രജിസ്റ്റർ ചെയ്യാത്തവരെ മത്സരത്തിന് പരിഗണിക്കുന്നതല്ല. പച്ചക്കറിത്തോട്ടമത്സരങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഓഗസ്റ്റ് മാസത്തെ ഗിരിദീപം പേജ് 45, മാർഗ്ഗരേഖ പേജ് 60 എന്നിവ കാണുക.

## 7. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും; ഡയറക്ടേഴ്സ് ദിനവും

സെപ്റ്റംബർ 9-ാം തീയതി ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 25-ാം ചരമവാർഷികാനുസ്മരണവും ഡയറക്ടേഴ്സ് ദിനവും ആചരിക്കുകയാണല്ലോ, അന്നേദിവസമോ 10-ാം തീയതി ഞായറാഴ്ച്ചയോ ശാഖകളിൽ അനുസ്മരണം നടത്തുമല്ലോ. അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും, ഡയറക്ടേഴ്സ് ദിനാചരണവും നിർമ്മലഗിരി ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

## 8. എം റ്റി സി പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ 2023-2024 വർഷത്തേയ്ക്കുള്ള എം റ്റി സി പഠനസഹായി സെപ്റ്റംബർ ആദ്യ ആഴ്ചതന്നെ തയ്യാറാക്കി നല്കുന്നതായിരിക്കും. എം റ്റി സി പഠനസഹായിൽ പറഞ്ഞിരിക്കുന്നതുപോലെ ക്ലാസ്സും ക്യാമ്പും നടത്താൻ മേഖലകൾ ശ്രദ്ധിക്കുമല്ലോ. എം റ്റി സി യെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 61 കാണുക.

## 9. ആൽബം നിർമ്മാണം

**"വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലകളിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ഇവയ്ക്ക് ബോർഡുകൾ വരയ്ക്കാവുന്നതാണ്. ആൽബം 100 പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ് (22 X 34 സെ.മി.) ആൽബത്തിൽ ആശംസകൾ, ഉള്ളടക്കം, തലക്കെട്ടുകൾ എന്നിവ ഒഴികെ മറ്റൊരു എഴുത്തുകളും പാടില്ല. ആൽബനിർമ്മാണത്തെക്കുറിച്ച് കൂടുതൽ അറിയാൻ മാർഗ്ഗരേഖ പേജ് 61 കാണുക. ശാഖയിലെ എല്ലാവരും കൂടി ഒരുമിച്ച് ചേർന്ന് ഒരു ആൽബമാണ് നിർമ്മിക്കേണ്ടത്.

## 10. ക്ലിക്ക് ഷോട്ട് - നിബന്ധനകൾ

- 5-ാം ക്ലാസ്സുമുതൽ12 ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം. സാങ്കേതിക കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം
- **"വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്"** എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം.
- 6 മിനുട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല. ആറ് മിനുട്ടിനുള്ളിൽ ടൈറ്റിൽസ്, സ്റ്റോറി മുതലായവയെല്ലാം ഉൾപ്പെടുത്തേണ്ടതാണ്.
- മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്കുവേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം.

- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 59 കാണുക.

## 11. പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം - നിബന്ധനകൾ

- 5-ാം ക്ലാസ്സുമുതൽ 10 ക്ലാസ്സ് വരെയുള്ള ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- മത്സരത്തിൽ 4 മുതൽ 8 പേർക്കുവരെ പങ്കെടുക്കാം.
- പങ്കെടുക്കുന്നവർക്ക് അംഗത്വ കാർഡ് നിർബന്ധമാണ്.
- പാട്ട് സ്വയം എഴുതി അതിന് സംഗീതം നൽകി റെക്കോർഡ് ചെയ്ത ഗാനമാണ് ഉപയോഗിക്കേണ്ടത്.
- ആംഗ്യപ്പാട്ടിന്റെ ഒരു സമയത്തുപോലും വ്യക്തിപരമായ രീതിയിൽ തനിച്ച് നൃത്തം ചെയ്യാൻ പാടില്ല.
- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- 3 മിനിട്ടു മുതൽ 5 മിനിട്ടുവരെ നീളുന്ന ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.
- ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും
- ബൈബിൾ അധിഷ്ഠിതമായിരിക്കണം ഗാനങ്ങൾ.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 59-60 കാണുക.

## 12. പ്രബന്ധരചന മത്സരം - നിബന്ധനകൾ

- **വിഷയം : "വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്"**
- 10 പേജിൽ കവിയരുത്, ഒരു പേജിൽ പരമാവധി 19 വരികൾ
- ശാഖാ ഡയറക്ടറച്ചന്റെ കത്തും അംഗത്വ കാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ശാഖയിൽ നിന്നും ഒന്നിൽ കൂടുതൽ പേർക്ക് പങ്കെടുക്കാം.
- ഒന്നാം സമ്മാനം 2000 രൂപ, രണ്ടാം സമ്മാനം 1000 രൂപ, മൂന്നാം സമ്മാനം 500 രൂപ.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന തീയതി നവംബർ 30.
- 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളത്.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 60 കാണുക.

## 13. സംസ്ഥാന സാഹിത്യമത്സരവും സാഹിത്യശില്പശാലയും

അതിരൂപതാതല സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ

കരസ്ഥമാക്കിയവർ സെപ്റ്റംബർ 22-ാം തീയതി കണ്ണൂർ ശ്രീപുരം പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 21-ാം തീയതി വൈകിട്ട് 7 മണിയോടെ തലശ്ശേരി സന്ദേശഭവനിൽ എത്തിച്ചേരേണ്ടതാണ്. അവർക്കുവേണ്ടി സാഹിത്യരചന പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

### 14. വചനാമൃതം

കുട്ടികൾ വചനം വായിക്കുന്നതിനും; വചനം പഠിക്കുന്നതിനുമായി വചനാമൃതം എന്നപേരിൽ ഈ മാസം വി. ലൂക്കാ 6 അദ്ധ്യായങ്ങൾ നൽകിയിരിക്കുന്നു. കുട്ടികൾക്ക് ഈ വചനഭാഗം വായിക്കാനും പഠിക്കാനും വേണ്ട ക്രമീകരണങ്ങൾ ശാഖാ - മേഖലാ തലത്തിൽ നൽകുമല്ലോ.

### 15. അതിരൂപതാതല ടെലികിസ് മത്സരം

കുട്ടികളിൽ വചനത്തോടുള്ള ആഭിമുഖ്യം വളർത്തുവാനും ദൈവവചനം പഠിക്കുവാനുമായി അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന ടെലിക്വിസ് മത്സരത്തിൽ പങ്കെടുക്കുന്ന പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്കും സമ്മാനാർഹരായവർക്കും അവരെ അതിനായി ഒരുക്കുന്ന മാതാപിതാക്കൾക്കും, മതാധ്യാപകർക്കും, സിസ്റ്റേഴ്സിനും അതിരൂപതാകുടുംബത്തിന്റെ നന്ദി. അതോടൊപ്പം **സെപ്റ്റംബർ മാസം നടത്തപ്പെടുന്ന മത്സരത്തിൽ പങ്കെടുക്കേണ്ട തിയതിയും, റീജിയണുകളുടെ പേരും, വിളിക്കേണ്ട നമ്പറുകളും ചുവടെകൊടുക്കുന്നു.** ഈ മാസത്തെ പഠനഭാഗത്തിൽ മാറ്റമുണ്ട് പ്രത്യേകം ശ്രദ്ധിക്കുമല്ലോ

**പഠനഭാഗം :** വി. ലൂക്കായുടെ സുവിശേഷം 9 മുതൽ 16 വരെയും, നിയമാവർത്തന പുസ്തകം 1 മുതൽ 15 വരെയുമുള്ള അദ്ധ്യായങ്ങൾ

- ഫോൺ വിളിക്കേണ്ട സമയം ഓരോ റീജിയണും തന്നിരിക്കുന്ന ദിവസം 5 മണി മുതൽ 7 മണി വരെ മാത്രം ആയിരിക്കും.
- 03-09-23 ഞായറാഴ്ച : ഇരിട്ടി റീജിയൺ (മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : **9496357819.**
- 10-09-23 ഞായറാഴ്ച : ചെമ്പേരി റീജിയൺ (ചെമ്പേരി, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : **9048340650.**
- 17-09-23 ഞായറാഴ്ച : ആലക്കോട് റീജിയൺ (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : **9495345038.**
- 24-09-23 ഞായറാഴ്ച : കാഞ്ഞങ്ങാട് റീജിയൺ (കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട്, മാലോം എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : **9446916439.**

**16. അതിരൂപതാ സംയുക്ത കലോത്സവം**

ഈ വർഷത്തെ അതിരൂപതാ സംയുക്ത കലോത്സവം ഒക്ടോബർ 23, 24 തീയതികളിലായി ചെമ്പേരി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുത്തുന്നു. കലോത്സവത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടല്ലോ. അതനുസരിച്ചുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**17. അതിരൂപതാ മിഷൻകിസ്സ് മത്സരം**

കലോത്സവത്തോടൊപ്പം എല്ലാവർഷവും നടത്തിവരുന്ന അതിരൂപതാതല മിഷൻ ക്വിസ്സ് മത്സരം ഈ വർഷം ഒക്ടോബർ 14-ാം തീയതി ശനിയാഴ്ച ആയിരിക്കും നടത്തപ്പെടുക. സംയുക്ത കലോത്സവത്തോടൊപ്പം ആയിരിക്കില്ല നടത്തപ്പെടുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അതിരൂപതാ മിഷൻക്വിസ്സ് മത്സരത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി ലിസ്റ്റ് ഒക്ടോബർ 5 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തുക്കുമല്ലോ. ക്വിസ്സിനെ സംബന്ധിച്ച് സംശയം ഉള്ളവർ അതിരൂപതാ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**നിർദ്ദേശങ്ങൾ**

- ഓരോ വിഭാഗത്തിലും (ജൂനിയർ, സീനിയർ, സൂപ്പർസീനിയർ) ഒരു ആൺകുട്ടിയും, ഒരു പെൺകുട്ടിയും ആണ് പങ്കെടുക്കേണ്ടത്.
- വ്യക്തിഗത മത്സരം ആയിരിക്കും.
- പങ്കെടുക്കേണ്ട പ്രായപരിധി സംയുക്തകലോത്സവത്തിന്റെ പ്രായപരിധി അല്ല. മിഷൻലീഗ് മാർഗ്ഗരേഖയിൽ (പേജ് - 53ൽ) തന്നിരിക്കുന്ന പ്രായപരിധിയാണ്.
- പഠനഭാഗം : വി.ലൂക്കാ: 1 മുതൽ 8 വരെ അധ്യായങ്ങൾ (40%), പ്രേഷിത വഴിയിലെ വിജയഗാഥ 4, 5, 6, 7 അധ്യായങ്ങൾ (30%), എന്റെ മിഷൻലീഗ് പുസ്തകം (20%), തിരുസഭ (10%),
- മേഖലകളിൽ മത്സരം നടത്തി സെപ്റ്റംബർ 30 ന് മുമ്പ് ലിസ്റ്റ് അതിരൂപതയിൽ എത്തിക്കുക.

**18. അതിരൂപതാ കൗൺസിൽ വാർഷികം, സംസ്ഥാന വാർഷികം**

മിഷൻലീഗ് അതിരൂപതാ കൗൺസിൽ വാർഷികവും, സംസ്ഥാന വാർഷികവും ഒക്ടോബർ 2-ാം തീയതി തിങ്കളാഴ്ച ചെമ്പേരിയിൽ വച്ച് (ചെമ്പേരി മേഖല) നടത്തുന്നു. 2022-2023 പ്രവർത്തനവർഷം അതിരൂപതാതലത്തിൽ ഗോൾഡൻ സ്റ്റാർ സിൽവർസ്റ്റാർ, മിഷൻ സ്റ്റാർ കരസ്ഥമാക്കിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും മിഷൻലീഗിലൂടെ വളർന്ന് മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ചടങ്ങും, ശ്രീ. ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ് ദാനവും കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. ഈ വർഷത്തെ സംസ്ഥാന വാർഷികം നമ്മുടെ അതിരൂപതയിൽ വച്ചാണ് നടത്തപ്പെടുന്നത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തട്ടെ. വാർഷിക

വിജയത്തിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കമല്ലോ. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും വൈസ് ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾ കത്തിലൂടെയും ഫോൺവിളിച്ചും അറിയിക്കുന്നതായിരിക്കും.

**19. സെപ്റ്റംബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ**

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം നെല്ലിക്കാംപൊയിൽ (സെപ്റ്റംബർ - 3), പൈസക്കരി (സെപ്റ്റംബർ - 17), ചെമ്പേരി (സെപ്റ്റംബർ - 24), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**20. മിഷൻകലണ്ടർ :** അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് ഈ വർഷവും മിഷൻ കലണ്ടർ മേഖലകളിൽ എത്തിക്കുന്നതാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. എണ്ണത്തിൽ ഏതെങ്കിലും ശാഖക്ക് വ്യത്യാസമുണ്ടെങ്കിൽ ഓഫീസിൽ നേരിട്ട് അറിയിക്കണമെന്ന് താത്പര്യപ്പെടുന്നു.

**21. അഭിനന്ദനങ്ങൾ :** 2023-2024 വർഷത്തെ സംസ്ഥാന സമിതിയുടെ കുഞ്ഞേട്ടൻ പുരസ്ക്കാരത്തിന് അർഹയായ ഏലിക്കുട്ടി ടീച്ചറിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**22. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ**

2022-2023 പ്രവർത്തനവർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച നെല്ലിക്കാംപൊയിൽ, കുന്നോത്ത് മേഖലകളും, മണിക്കടവ്, കരുവഞ്ചാൽ ശാഖകളും ഗോൾഡൻസ്റ്റാർ പുരസ്ക്കാരവും, തളിപ്പറമ്പ്, തോമാപുരം മേഖകളും, കാർത്തികപുരം, അട്ടക്കണ്ടം ശാഖകളും സിൽവർസ്റ്റാർ പുരസ്കാരവും, മണ്ഡപം, കരയത്തുംചാൽ, കനകപ്പള്ളി, ഇരിട്ടി എന്നീ ശാഖകൾ മിഷൻ സ്റ്റാർ പുരസ്ക്കാരവും കരസ്ഥമാക്കി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ്ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**23. ശ്രീ ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ്**

ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന മേഖലാ പ്രസിഡന്റ്മാർക്ക് എല്ലാ വർഷവും നൽകിവരുന്ന ശ്രീ. ജെയ്സൺമർക്കോസ് പ്രേഷിത അവാർഡിന് 2022-2023 പ്രവർത്തന വർഷത്തിൽ കുന്നോത്ത് മേഖലാ പ്രസിഡന്റ് ആയിരുന്ന ശ്രീ. ജെയ്സൺ പുളിച്ചമാക്കൽ അർഹനായി. സാറിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,
പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ സഹനങ്ങളും ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചു കൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരി സ്നേഹത്തോടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : പരി. അമ്മയുടെ ജനനതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. വിൻസെന്റ് ഡി പോൾ
വി. മദർ തെരേസ
പ്രാർത്ഥനാനിയോഗം : എല്ലാ അധ്യാപകർക്കും വേണ്ടി
സുകൃതജപം : കാവൽമാലാഖയേ എനിക്ക് കൂട്ടായിരിക്കേണമേ
വചനം : ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു (വി. ലൂക്കാ 1: 49)
പ്രവൃത്തി : അനാഥമന്ദിരങ്ങൾ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുക.
മനഃപാഠമാക്കുക : വി. മദർ തെരേസക്കുറിച്ച് അധ്യാപകരോട് ചോദിച്ച് മനസ്സിലാക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : അതിരൂപതാതല മത്സരം : മദർ തെരേസ ഫാൻസിഡ്രസ്സ് മത്സരം (പെൺകുട്ടികൾക്കു മാത്രം)
: മരിയൻ ഭക്തിഗാന മത്സരം (ആൺകുട്ടികൾക്ക് മാത്രം)

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 വെള്ളി : എട്ട് നോമ്പ് ആരംഭം, നിയോഗം: തിരുബാല സഖ്യം സംഘടനയ്ക്കുവേണ്ടി
3 ഞായർ : നെല്ലിക്കാംപൊയിൽ മേഖലകളിലുള്ള ശാഖകൾ സന്ദർശനം
5 ചൊവ്വ : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം

8 വെള്ളി : മാതാവിന്റെ ജനനതിരുനാൾ
14 വ്യാഴം : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
16 ശനി : മാർ ജോർജ് വലിയമറ്റം ജന്മദിനം, ആശംസകൾ അറിയിക്കുന്നു.
17 ഞായർ : പൈസക്കരി മേഖലകളിലുള്ള ശാഖകൾ സന്ദർശനം
24 ഞായർ: ചെമ്പേരി മേഖലകളിലുള്ള ശാഖകൾ സന്ദർശനം
26 ചൊവ്വ : ലോകബധിരദിനം
29 വെള്ളി : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖാമാരുടെ തിരുനാൾ

**2. സെപ്റ്റംബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ:**

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം നെല്ലിക്കാംപൊയിൽ (സെപ്റ്റംബർ - 3), പൈസക്കരി (സെപ്റ്റംബർ - 17), ചെമ്പേരി (സെപ്റ്റംബർ - 24), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം... വലുതാകാം**

ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക്ബുക്കിൽ ഈശോയെപ്പോലെ ആത്മാവിൽ നിറയാം എന്ന രണ്ടാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ ആത്മാവിനാൽ നിറഞ്ഞാണ് ഓരോ പ്രവർത്തിയും ചെയ്തിരുന്നത്. നന്മ തിൻമകളെ തിരിച്ചറിയാനും വിവേകപൂർവ്വം ജീവിക്കാനും നമ്മെ ശക്തിപ്പെടുത്തുന്ന സഹായകനായ പരിശുദ്ധാത്മാവാണവൻ. ഈശോയെപ്പോലെ ആത്മാവിനാൽ ഞങ്ങളെയും നിറയ്ക്കണമേ എന്ന് പ്രാർത്ഥിക്കാം.

**4. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ആത്മാവിനാൽ എന്ന രണ്ടാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുമ്പ്അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**5. വഴി കാട്ടാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ആത്മാവിനാൽ എന്ന രണ്ടാം അധ്യായത്തിലെ വഴി കാട്ടാമോ?എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

**6. നിറംകൊടുക്കാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

I ഇവാൻ മൈലപ്പറമ്പിൽ - കോടോത്ത്
II സാവിയോ തട്ടാപറമ്പിൽ - ചരൾ
III ലിസേൽ മരിയ പുളിക്കൽ - പടുപ്പ്

**7. വഴികാട്ടാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

I ആഗ്നസ് മരിയ പുന്നയ്ക്കൽ - കീഴ്പ്പള്ളി

II അൽവിയ റോസ് വിലങ്ങുപാറ - വെള്ളാട്

III ദിയ പുതുമനഅറയ്ക്കൽ - കാവുംന്തല

**8. മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം**

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് പെൺകുട്ടികൾക്കായി മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 10. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**9. മരിയൻ ഭക്തിഗാന മത്സരം**

പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി മരിയൻ ഭക്തിഗാനമത്സരം സംഘടിപ്പിക്കുന്നു. കരോക്കെ ഉപയോഗിക്കാൻ പാടില്ല. ഒരുപാട്ടിന്റെ പല്ലവി, അനുപല്ലവി, പല്ലവി പാടി അവസാനിപ്പിക്കണം. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻഅവസരം ഉണ്ടായിരിക്കുകയുള്ളൂ. പാടുന്നതിന്റെ വീഡിയോ holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 10. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**

*ഡയറക്ടർ*

# യൂത്ത് അപൊസ്റ്റോലേറ്റ്

"യുവജനങ്ങളെ, നിങ്ങൾ അന്വേഷിക്കുന്ന സന്തോഷത്തിന്റെ പേരാണ് ക്രിസ്തു". *(ബെനഡിക്ട് പതിനാറാമൻ പാപ്പ)*

ബഹുമാനപ്പെട്ട ഡയറക്ടറച്ചന്മാരേ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

പരിശുദ്ധ കന്യകാമറിയത്തിന്റ ജനനത്തിരുനാൾ അനുസ്മരിക്കുന്ന പുണ്യപ്പെട്ട മാസമാണല്ലോ സെപ്റ്റംബർ മാസം. പുതിയ പ്രവർത്തനവർഷത്തിലേക്കു എത്തിനിൽക്കുമ്പോൾ ഫൊറോന സമിതികൾ പുതിയ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുമല്ലോ.

## മിഷൻ ബീഹാർ

കെസിവൈഎം അതിരൂപത സമിതിയുടെ മിഷൻ അനുഭവ സന്ദേശ യാത്ര ബിഹാറിലെ ഭഗൽപൂർ രൂപതയിൽ വെച്ച് നടത്തപ്പെടുന്നു. അതിരൂപത ഭാരവാഹികളോടൊപ്പം, രൂപതയിൽ നിന്നുള്ള യുവജന പ്രതിനിധികളും പങ്കെടുക്കും.ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 6 വരെ ആണ് മിഷൻ അനുഭവ സന്ദേശയാത്ര നടത്തുന്നത്.

## എക്സ്പ്ലോറ വാർഷിക സെനറ്റ്

2023-2024 വർഷത്തെ സമിതിയുടെ തിരഞ്ഞെടുപ്പും വാർഷിക സെനറ്റും സെപ്റ്റംബർ 10 നു വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടത്തപ്പെടുന്നു. സംഘടനകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഭാവിപദ്ധതികൾ പ്ലാൻ ചെയ്യാനും പുതിയ ഭാരവാഹികളെ തിരഞ്ഞടുക്കുവാനുമാണ് സെനറ്റ് വിളിച്ചുകൂട്ടപ്പെടുന്നത്. മുഴുവൻ സെനറ്റ് അംഗങ്ങളും എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ. സെനറ്റിൽ പങ്കെടുക്കുന്നവരുടെ

ലിസ്റ്റ് സെപ്റ്റംബർ 3നു മുൻപായി അതിരൂപത സമിതിയെ അറിയിക്കേണ്ടതാണ്.

## ലോക യുവജന സംഗമം

പോർച്ചുഗലിൽ വച്ച് നടന്ന ലോക യുവജന സംഗമത്തിൽ കെസിവൈഎം തലശ്ശേരി അതിരൂപതാ ഡയറക്ടർ റവ. ഫാ. ജിൻസ് വാളിപ്ലാക്കൽ, നിഖിൽ സാബു (കെസിവൈഎം അതിരൂപതാ ജനറൽ സെക്രട്ടറി), സിജോ അമ്പാട്ട് (മുൻ അതിരൂപതാ പ്രസിഡണ്ട്), മനോജ് മാത്യു (മുൻ അതിരൂപതാ പ്രസിഡണ്ട്) എന്നിവർ പങ്കെടുത്തു.

## പ്രധിഷേധ ജ്വാല - ഇരിട്ടി

മണിപ്പൂരിൽ ക്രൈസ്തവ ജനതക്ക് എതിരായി നടക്കുന്ന ചേരി തിരിഞ്ഞ ആക്രമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടും, ദുരിത ബാധിതരായ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും മണിപ്പൂരിൽ നടക്കുന്ന അക്രമസംഭവങ്ങൾ മനുഷ്യാവകാശങ്ങൾക്കെതിരെയുള്ള പരസ്യമായ ലംഘനമാണെന്നും എത്രയും വേഗം മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്നും ആവശ്യപ്പെട്ടുകൊണ്ടും തലശ്ശേരി അതിരൂപതാ കെസിവൈഎം സമിതിയുടെ നേതൃത്വത്തിൽ ഇരിട്ടി ടൗണിൽ വെച്ച് പ്രതിഷേധ റാലി നടത്തി. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനവും, അഡ്വക്കേറ്റ് ഷീജ കാറുകുളം മുഖ്യപ്രഭാഷണവും, പ്രസിഡണ്ട് ചിഞ്ചു വട്ടപ്പാറ അധ്യക്ഷതയും അലങ്കരിച്ചു. ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫൊറോന ഡയറക്ടർ ഫാ. ജിന്റോ പന്തലാനി, എഡ്‌വിൻ മണിക്കടവ് എന്നിവർ പ്രസംഗവും നടത്തി. അഞ്ഞൂറോളം യുവജനങ്ങൾ ഈ റാലിയിൽ പങ്കെടുത്തു.

## മണിപ്പൂർ പ്രതിഷേധം ഫൊറോനകളിൽ

മണിപ്പൂർ വിഷയത്തിൽ പീഡിതരായവർക്ക് ഐക്യദാർഢ്യം അറിയിച്ചു വിവിധ ഫൊറോനകളിൽ പ്രതിഷേധ റാലിയും പന്തം കൊളുത്തി പ്രകടനവും നടത്തി.

## കെസിവൈഎം സംസ്ഥാന സെനറ്റ്

കെസിവൈഎം 45-ാമതു സംസ്ഥാന അർദ്ധ വാർഷിക സെനറ്റ് ഓഗസ്റ്റ് 11, 12, 13 തീയതികളിൽ കെസിവൈഎം തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ തലശ്ശേരി മെട്രോപൊളിറ്റൻ സ്കൂളിൽ വച്ചു നടത്തി. 32 രൂപതകളിൽ നിന്നായി 200 ഓളം പേർ പങ്കെടുത്ത ഈ സെനറ്റ് സമ്മേളനത്തിന്റെ ഉദ്ഘാടനം തലശ്ശേരി അതിരൂപത മെത്രപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷാരോൺ

കെ. റെജി അധ്യക്ഷനായിരുന്നു. കുമാരി ഗ്രാലിയ അന്ന അലക്സ് എല്ലാവരെയും സ്വാഗതം ചെയ്തു സംസാരിച്ചു. സമാപന സമ്മേളനം അതിരൂപത ചാൻസിലർ ഫാ. ബിജു മുട്ടത്തുകുന്നേൽ ഉദ്ഘാടനം ചെയ്തു. സെനറ്റ് സമ്മേളനം ഭംഗിയായി ക്രമപ്പെടുത്തിയ അതിരൂപത പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ, ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ആനിമേറ്റർ സി. ഷേർളി മാത്യു, അതിരൂപത ഭാരവാഹികൾ, ഫൊറോനാ പ്രസിഡണ്ടുമാർ, യുവജന പ്രതിനിധികൾ എല്ലാവർക്കും നന്ദി.

## നൈറ്റ് വിജിൽ

നെല്ലിക്കാംപൊയിൽ ഫൊറോനായുടെ മാസം തോറുമുള്ള നൈറ്റ് വിജിൽ പടിയൂർ യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. നിരവധി യുവജനങ്ങൾ പങ്കെടുത്തു.

## വിയാനി ഡേ ആഘോഷിച്ചു

വിയാനി ദിനത്തോടനുബന്ധിച്ചു അതിരൂപത സമിതിയുടെ നേതൃത്വത്തിൽ 19 ഫോറോന ഡയറക്ടർമാരെ ആദരിച്ച് ആശംസകൾ നേർന്നു. വിവിധ ഫൊറോനകളുടെ നേതൃത്വത്തിലും വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാരെ ആദരിച്ച് ആശംസകൾ നേർന്നു.

## കലണ്ടർ - നെല്ലിക്കാംപൊയിൽ

കെസിവൈഎം നെല്ലിക്കാംപൊയിൽ ഫൊറോനാ സമിതിയുടെ 2023 –2024 വർഷത്തെ പ്രവർത്തനങ്ങളുടെ കലണ്ടർ തലശ്ശേരി അതിരൂപത മെത്രപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പ്രസിദ്ധികരിച്ചു.

## T-TIME - സമാപനം വെള്ളരിക്കുണ്ട്

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ 2022–2023 വർഷത്തെ പ്രധാന പരിപാടികളിൽ ഒന്നായ ടി-ടൈമിന്റെ രൂപതാതല സമാപനം വെള്ളരിക്കുണ്ട് ഫൊറോനായുടെ ആതിഥേയത്വത്തിൽ ബിരിക്കുളം ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത മെത്രപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. കെസിവൈഎം അതിരൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ആമുഖപ്രഭാഷണവും, അതിരൂപത പ്രസിഡന്റ് ചിഞ്ചു വട്ടപ്പാറ അധ്യക്ഷതയും അലങ്കരിച്ചു. ഡോ. ജോൺസൻ അന്ത്യാംകുളം (വെള്ളരിക്കുണ്ട് ഫൊറോനാ വികാരി), അനുഗ്രഹപ്രഭാഷണവും, ഫാ. അനിൽ മുക്കുഴി ആശംസയും അർപ്പിച്ചു സംസാരിച്ചു. റിജു മാത്യു സ്വാഗതവും ജോയേൽ പുതുപ്പറമ്പിൽ നന്ദിയും പറഞ്ഞു.

അതിരൂപതാ പ്രസിഡണ്ട് ലിനറ്റ് മരിയ പ്രോഗ്രാമുകൾക്ക് നേതൃത്വം കൊടുത്തു. കെസിവൈഎം തലശ്ശേരി അതിരൂപത സമാപന സായാഹ്ന യുവജന സംഗമം അതിമനോഹരമായി, പ്രൗഢഗംഭീരമായി ഒരുക്കിയ വെള്ള രിക്കുണ്ട് ഫൊറോനായുടെ കരുത്തുറ്റ നേതാവ് ശ്രീ. അമൽ സെബാസ്റ്റ്യൻ പേഴുംകാട്ടിലിനും ഡയറക്ടറച്ചനും കൂടെ നിന്ന് സഹായിച്ച ആനിമേറ്റർ സി. റോയ്സ് എസ്. എച്ച്, അതിരൂപത സമിതി, ഫോറോന സമിതി, എല്ലാ യൂണിറ്റ് ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, സമിതി അഗങ്ങൾ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**സ്വാതന്ത്ര്യ ദിനം**

ഭാരതത്തിന്റ 77-ാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചു ഫൊറോന കളിൽ രാഷ്ട്രസേവനത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന യുവജനങ്ങളെ വിവിധ യൂണിറ്റുകളിൽ ആദരിച്ചു. രാജ്യത്തിനുവണ്ടി ജീവത്യാഗം ചെയ്ത വരെയും അനുസ്മരിച്ചു.

**ഓണാഘോഷം**

ഏവർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ. വിവിധ ഫൊറോന കളുടെ നേതൃത്വത്തിൽ ബഹു. ഡയറക്ടർ അച്ചന്മാരും ഫൊറോനാ സമിതി കളും വിവിധങ്ങളായ ഓണാഘോഷപരിപാടികൾ ക്രമപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

**T-TIME - സമാപനം ഫൊറോനകളിൽ**

നെല്ലിക്കാംപൊയിൽ ഫൊറോനയുടെ ടി-ടൈം സമാപനം തേർമല യൂണിറ്റിൽ വെച്ച് നടത്തപ്പെട്ടു. നിരവധി യുവജനങ്ങൾ പങ്കെടുത്തു .

**അവർ പ്രതികരിക്കുന്നു**

അതിരൂപത കെസിവൈഎമ്മിന്റെ വനിതാ വിംഗിന്റെ നേതൃത്വത്തിൽ സ്ത്രീത്വത്തെ അപമാനിക്കുന്നതിനെതിരെ Let's hear the women എന്ന പേരിൽ ഒരു പ്രതികരണവേദി ഓൺലൈൻ ആയി പ്രതിഷേധം രേഖപ്പെടുത്തി. അതി രൂപതാ പ്രസിഡണ്ട് ചിഞ്ചു വട്ടപ്പാറ, വൈസ് പ്രസിഡണ്ട് ലിനറ്റ് മരിയ, സ്നേഹ, അൽന തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപത പാസ്റ്ററൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എല്ലാ കെസിവൈഎം പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ലോകത്തിന്റെയും സഭയുടെയും ഭാവി സുരക്ഷിതമാക്കുവാൻ കെട്ടുറപ്പുള്ള വിശുദ്ധമായ കുടുംബങ്ങൾ അനിവാര്യമാണ്. വിവിധ ങ്ങളായ വെല്ലുവിളികളുടെയും പ്രതിസന്ധികളുടെയും നടുവിൽ ക്രൈസ്തവ വിശ്വാസത്തിലും ക്രിസ്തു സ്നേഹത്തിലും അടിയു റച്ച് നീങ്ങുവാൻ കുടുംബങ്ങളെ നമുക്കൊരുമിച്ച് ശക്തിപ്പെടുത്താം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ്

**MPC 2023**

| | |
|---|---|
| September 21-23 | (Thursday - Saturday) Padannakkad |
| October 19-21 | (Thursday - Saturday) Thalassery |
| November 16-18 | (Thursday - Saturday) Padannakkad |
| December 14-16 | (Thursday - Saturday) Thalassery |

**Time Schedule :**

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷ നോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപിക്കുന്നു.
- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാ രിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപ യായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- 2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് പുനരാരംഭിക്കുന്നതാണ്.

## II. മാതൃവേദി

**a)** അതിരൂപതാ എക്സിക്യുട്ടീവ് ജൂലൈ 31 ന് രാവിലെ 10.00 മണിമുതൽ വൈകിട്ട് 4.00 മണി വരെ സന്ദേശഭവനിൽ വച്ച് നടന്നു. ഡിസംബർ വരെയുള്ള പ്രവർത്തന മാർഗ്ഗരേഖ ചർച്ച ചെയ്തു.

**b)** ആഗസ്റ്റ് 3ന് വെള്ളരിക്കുണ്ട് ഫൊറോന ഭാരവാഹികളുടെ മീറ്റിംഗിൽ അതിരൂപത ഡയറക്ടറച്ചൻ സംബന്ധിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**c)** ആഗസ്റ്റ് 11 ന് തോമാപുരം ഫൊറോന ഭാരവാഹികളുടെ മീറ്റിംഗ് ഓൺലൈനായി നടത്തി. ആഗസ്റ്റ് 22-24 നടക്കുന്ന സഖറിയാസ് കൺവെൻഷൻ വിജയകരമാക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി.

**പ്രവർത്തന മാർഗ്ഗരേഖ - സെപ്റ്റംബർ 2023**

**സെപ്റ്റം. 1 :** എട്ട് നോമ്പ് ആരംഭം. എട്ട് നോമ്പെടുത്ത് ഈ ദിവസങ്ങളിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുക.

**സെപ്റ്റം. 5 :** അധ്യാപകരെ ആദരിക്കൽ (നിലവിലുള്ള അധ്യാപകർ, വിരമിച്ചവർ)

: മദർതെരേസ അനുകരണമത്സരം. മദർതെരേസയായി വേഷവിധാനം ചെയ്ത് മദർ തെരേസയുടെ വാക്കുകൾ കോർത്തിണക്കി 2 മിനിറ്റ് ദൈർഘ്യമുള്ള ഒരു വീഡിയോ സന്ദേശം സെപ്റ്റംബർ 5ന് 4pm നു മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയച്ചു തരേണ്ടതാണ്. മികച്ച അവതരണങ്ങൾക്ക് ആകർഷകമായ സമ്മാനങ്ങൾ നല്കുന്നതാണ്.

**സെപ്റ്റം. 8 :** പരി. അമ്മയുടെ പിറന്നാൾ ദിനത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ച് വി. ബലിയർപ്പണത്തിൽ പങ്കുചേരുക. അന്നേ ദിവസം പള്ളിയിൽ വരുന്നവർക്ക് മധുരപലഹാരങ്ങൾ വിതരണം ചെയ്യുക. അംഗത്വസീകരണവും നവീകരണവും നടത്തുക.

**സെപ്റ്റം.14 :** വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. ഭവനങ്ങളിൽ കുരിശുരൂപം അലങ്കരിച്ച് പ്രതിഷ്ഠിക്കുക.

**സെപ്റ്റം. 15 :** ഇന്ത്യയിൽ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുക.

**സെപ്റ്റം. 21:** വി. മത്തായിയുടെ തിരുനാൾ - മത്തായി നാമധാരികൾക്ക് ആശംസ നേരുക. വി. മത്തായിയുടെ സുവിശേഷം ഒരധ്യായം വായിക്കുന്നു. ഒരു വചനം പറഞ്ഞ് വാട്സാപ്പ് സ്റ്റാറ്റസ് ഇടുക.

**സെപ്റ്റം. 25 :** സാഹിത്യമത്സരങ്ങൾക്കായുള്ള രജിസ്ട്രേഷൻ പൂർത്തീകരിക്കുക.

: വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ – ഇടവകയിലെ ഏറ്റവും പാവപ്പെട്ട ഒരു കുടുംബത്തിന് സഹായം എത്തിക്കുക.

**സെപ്റ്റം. 29 :** മുഖ്യദൂതൻമാരുടെ തിരുനാൾ ദിനം അവരുടെ മാധ്യസ്ഥ്യം തേടി പ്രത്യേകമായി പ്രാർത്ഥിക്കുക.

**പൊതുപ്രവർത്തനങ്ങൾ**

- വീട്ടിലൊരു പച്ചക്കറിതോട്ടം ആരംഭിക്കുക.
- നൂതനകൃഷിരീതികൾ പരിചയപ്പെടുത്തുന്ന webinar ഫൊറോന തലത്തിൽ സംഘടിപ്പിക്കുക.
- അഗതിമന്ദിര സന്ദർശനം നടത്തി, സേവനങ്ങൾ ചെയ്യാനും സഹായം എത്തിക്കാനും ശ്രമിക്കുക.

## d) അതിരൂപതാ കലോത്സവം

ഒക്ടോബർ 23,24 തീയതികളിലായി നടക്കുന്ന സംയുക്ത അതിരൂപതാ കലോത്സവത്തിനൊരുക്കമായി ഫൊറോന കലോത്സവങ്ങൾ നടക്കുകയാണല്ലോ. കഴിയുന്നിടത്തോളം മത്സരങ്ങളിൽ പങ്കുചേർന്ന് കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാനും വളർത്തിയെടുക്കാനുമുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തുക.

## e) അതിരൂപതാ സാഹിത്യ മത്സരങ്ങൾ

2023 വർഷത്തെ സാഹിത്യമത്സരങ്ങൾ ഒക്ടോബർ 2ന് (ഗാന്ധിജയന്തി ദിനത്തിൽ) ഫൊറോന - അതിരൂപത തലങ്ങളിൽ ഒന്നിച്ചു നടത്തപ്പെടുന്നു. ജൂനിയർ, സീനിയർ വിഭാഗങ്ങളായിട്ടായിരിക്കും മത്സരങ്ങൾ നടത്തപ്പെടുക. മുൻ വർഷങ്ങളിലേതിൽ നിന്നും വ്യത്യസ്തമായി ഇത്തവണ 19 മേഖലകളിൽ വച്ചായിരിക്കും ഒരേ സമയം രൂപതാ-ഫൊറോന സാഹിത്യമത്സരം സംഘടിപ്പിക്കുന്നത്. രജിസ്ട്രേഷൻ നടത്താനുള്ള അവസാന തീയതി സെപ്റ്റംബർ 25 ആയിരിക്കും. മത്സരനിബന്ധനകൾക്കായി 2019 ലെ മാതൃവേദി മാർഗ്ഗരേഖ നോക്കി മനസ്സിലാക്കുമല്ലോ.

## f) ആദരാഞ്ജലികൾ

മാതൃവേദി അതിരൂപതാ ജോയിന്റ് സെക്രട്ടറി ശ്രീമതി റീന മാളിയാംപുരയ്ക്കലിന്റെ മാതാവ് കുട്ടിയമ്മ അഗസ്റ്റ്യൻ ആഗസ്റ്റ് 12-ാം തീയതി മരണപ്പെട്ടു. അതിരൂപതാ ടീം ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ച് അനുശോചനങ്ങൾ അറിയിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു

## III). സഖറിയാസ് കൺവെൻഷൻ

സെപ്റ്റംബർ മാസത്തിൽ "സഖറിയാസ് കൺവെൻഷൻ"

| മേഖല | തീയതി |
|---|---|
| മാലോം | 11, 12, 13 |
| ആലക്കോട് | 26, 27, 28 |

60 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാവരെയും കൺവെൻഷനിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണേ.

## IV). സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.
Phone : 9400206974, 8078122191

## V). പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

## VI). അമല പ്രോലൈഫ്

അമല പ്രോലൈഫ് എക്സിക്യൂട്ടീവ് അംഗങ്ങൾ ആഗസ്റ്റ് 6ന് പി.ഒ.സി.യിൽ വെച്ച് നടന്ന ഏകദിനസെമിനാറിൽ സംബന്ധിച്ചു. പ്രോലൈഫ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാനായി മേഖലാതലപ്രവർത്തകരെ സജീവമാക്കാൻ എക്സികുട്ടീവ് അംഗങ്ങളെ ഫൊറോന തിരിച്ച് ചുമതലപ്പെടുത്തി. എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച്ച എക്സിക്യൂട്ടീവ് മീറ്റിംഗ് ചേരുവാൻ തീരുമാനിച്ചു.

## പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്.

Web Site: www.prolifemarry.com

### VII). മരിയൻ സിംഗിൾസ്

തലശ്ശേരി അതിരൂപതയിലെ ഏകസ്ഥരുടെ കൂട്ടായ്മയായ മരിയൻ സിംഗിൾസിന്റെ മീറ്റിംഗ് തലശ്ശേരി സന്ദേശഭവനിൽ വച്ച് ആഗസ്റ്റ് 4,5 തീയതികളിലായി നടന്നു. ഫാമിലി അപ്പൊസ്റ്റോലേറ്റ് ഡയറക്ടർ അച്ചനും ആനിമേറ്റർ സിസ്റ്ററും റീജന്റ് ബ്രദറും ക്ലാസുകൾക്ക് നേതൃത്വം നല്കി. സിംഗിൾസിനായി കുർബ്ബാന, കുമ്പസാരം, ആരാധന, ജപമാല, ഷെയറിംഗ്, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു. അനുഗ്രഹപ്രദമായ രണ്ടു ദിവസങ്ങൾക്കൊടുവിൽ 5-ാം തീയതി ഉച്ചയോടെ ഗാതറിംഗ് സമാപിച്ചു.

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ

Mail ID : familytly92@gmail.com

**റവ. ഫാ. ജോർജ് കോവാട്ട്**
ഡയറക്ടർ, ഫാമിലി അപ്പൊസ്റ്റൊലേറ്റ്

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**അധ്യാപകദിനം**

സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനമായി ആചരിക്കുകയാണല്ലോ. പിടിഎ യുടെ നേതൃത്വത്തിൽ സ്കൂളുകളിൽ അധ്യാപകദിനം ഭംഗിയായി ആചരിക്കണം. എല്ലാ അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ അധ്യാപകദിനാശംസകൾ. സെപ്റ്റംബർ 5-ാം തീയതി എല്ലാവരെയും സമർപ്പിച്ച് വിശുദ്ധബലി അർപ്പിച്ച് പ്രാർത്ഥിക്കുന്നതാണ്. സ്കൂളിനും വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള നിങ്ങളുടെ സ്വപ്നങ്ങളും കഠിനാദ്ധ്വാനവും യാഥാർത്ഥ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രിയപ്പെട്ട അധ്യാപകരെ മനുഷ്യ സംസ്കാരത്തെ നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്യുകയാണ് നിങ്ങൾ. നമ്മുടെ സമൂഹത്തെ കുറേക്കൂടി നന്മകളാൽ വളർത്താൻ ഗുരുഭൂതർക്ക് കഴിയും. അധ്യാപക ദിനം ഗുരുക്കന്മാരെ ആദരിക്കാനുള്ള ദിനമാണ്. ആദരവിന്റെ ഒരു സംസ്ക്കാരം ചിലപ്പോഴെങ്കിലും നാം അറിയാതെ നഷ്ടമാകുന്നുണ്ട്. റിട്ടയർ ചെയ്തവരും ഇപ്പോൾ ജോലി ചെയ്യുന്നവരുമായ ഗുരുക്കന്മാരിലൂടെ നമ്മുടെ സമൂഹത്തിന് വന്ന മാറ്റവും വളർച്ചയും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തണം. നഷ്ടമാകുന്ന ആദരവിന്റെ സംസ്കൃതി പുനസ്ഥാപിക്കാൻ സഹപ്രവർത്തകരെക്കുറിച്ചും പ്രധാനാധ്യാപകരെക്കുറിച്ചും വിദ്യാർത്ഥികളോട് ആദരവോടെ സംസാരിക്കുകയും അവരുടെ നന്മ പറയുകയും അധ്യാപകരെ ബഹുമാനിക്കാൻ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യണം.

നമ്മുടെ സ്കൂളിൽ നിന്ന് റിട്ടയർ ചെയ്ത അധ്യാപകരെ ഫോണിൽ വിളിച്ച് സ്നേഹാന്വേഷണങ്ങൾ നടത്താനും അവരുടെ അഡ്രസ്സും ഫോൺ നമ്പറും ഉൾപ്പെട്ട രജിസ്റ്റർ സ്കൂളിൽ സൂക്ഷിക്കാനും ശ്രദ്ധിക്കണം.

അധ്യാപകദിനം പുനരർപ്പണത്തിനുള്ള അവസരം കൂടിയാണ്. എല്ലാ അധ്യാപകരും ആത്മപരിശോധന നടത്തേണ്ട ദിനം. തങ്ങളുടെ ഉത്തരവാദിത്വങ്ങൾ യഥാസമയം ഭംഗിയായി നിറവേറ്റാൻ കഴിയുന്നുണ്ടോ എന്ന് ചിന്തിക്കണം. നല്ല ഗുരുഭൂതരുടെ കീഴിൽ വിദ്യ അഭ്യസിക്കാനാണ് ശിഷ്യർക്ക് താൽപര്യം. നിങ്ങൾക്കെല്ലാവർക്കും വിദ്യാർത്ഥികളുടെ മനസ്സിൽ "നല്ല" എന്ന വിശേഷണം ലഭിക്കട്ടെ എന്നാണ് ഞങ്ങളുടെ ആശംസയും പ്രാർത്ഥനയും.

## ഫാ. ജോസഫ് വലിയകണ്ടം മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ്

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും ടീച്ചേഴ്സ് ഗിൽഡിന്റെയും ആഭിമുഖ്യത്തിൽ കോർപ്പറേറ്റ് സ്കൂളുകളിൽ വർക്ക് ചെയ്യുന്ന ജീവനക്കാർക്കായി വനിത പുരുഷ വിഭാഗങ്ങളിലായി സംഘടിപ്പിച്ച ബാഡ്മിന്റൺ മത്സരം തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ ഉദ്ഘാടനം ചെയ്തു. അധ്യാപകരുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ബാഡ്മിന്റൺ മത്സര പരമ്പരയുടെ സീസൺ വൺ മത്സരത്തിൽ നിരവധി സ്കൂളുകളിൽ നിന്നായി അമ്പതോളം അധ്യാപക അനധ്യാപകർ പങ്കെടുത്തു. പുരുഷ വിഭാഗത്തിൽ ശ്രീ. ദിൽജിത്ത് ജോർജ്, ഡാനിയേൽ സക്കറിയാസ് ടീം ഒന്നാം സ്ഥാനവും, പ്രിൻസ് തോമസ്, അരുൺ പോൾ ടീം രണ്ടാം സ്ഥാനവും, മനു കെ.ബി, ജോസ് ജോസഫ് ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വനിത വിഭാഗത്തിൽ റഷീന ജോർജ്, ടിങ്കിൾ ജേക്കബ് ഒന്നാം സ്ഥാനവും, ലാലി ജോസഫ്, സിൻസി ജോസഫ് ടീം രണ്ടാം സ്ഥാനവും, ജീൻ തെരേസ, ആൻ മരിയ കെ ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഒന്നാം സമ്മാനം 3000 രൂപയും ട്രോഫിയും, രണ്ടാം സമ്മാനം 2000 രൂപയും ട്രോഫിയും, മൂന്നാം സമ്മാനം 1000 രൂപയും ട്രോഫിയും, പുരുഷ വനിത വിഭാഗങ്ങളിലായി വിജയികളായവർക്ക് ലഭിച്ചു. ചെമ്പേരി ഫൊറോന വികാരി റവ. ഫാ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് വിജയികൾക്ക് സമ്മാനങ്ങൾ നൽകി. അതിരൂപത ടീച്ചേഴ്സ് ഗിൽഡ് പ്രസിഡണ്ട് ശ്രീ. ബെന്നി പുത്തൻനട, സെക്രട്ടറി ശ്രീ. അഗസ്റ്റിൻ കെ ജോസഫ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്

## കൂത്തുപറമ്പ്

### മാനിഷാദ - പ്രതിഷേധ റാലി

നമ്മുടെ നാട്ടിലും ഭാരതമെങ്ങും നടക്കുന്ന അക്രമസംഭവങ്ങളും പ്രത്യേകമായി നമ്മുടെ കൺമുമ്പിൽ പിച്ചി ചീന്തപ്പെടുന്ന പെൺകുട്ടികളോടും അപമാനിക്കപ്പെടുന്ന സഹോദരിമാരോടും വേട്ടയാടപ്പെടുന്ന നിർഭാഗ്യ ജീവിതങ്ങളോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നിർമ്മലഗിരി കോളേജ് വുമൺ സെല്ലും കോളേജ് യൂണിയനും സംയുക്തമായി പ്രതിഷേധ റാലി ഓഗസ്റ്റ് 11, 2023 ന് സംഘടിപ്പിച്ചു. വുമൺ സെൽ കൺവീനർ സി. സുജമോൾ ജോസഫ് നേതൃത്വം നൽകി. വിദ്യാർത്ഥി പ്രതിനിധി ക്രിസ്റ്റീന ജോർജ് സംസാരിച്ചു. യൂണിയന്റെ നേതൃത്വത്തിൽ ഫ്ലാഷ് മോബ് അവതരിപ്പിച്ചു.

### സ്വാതന്ത്ര്യദിനാഘോഷം

സ്വാതന്ത്ര്യദിനാഘോഷത്തോടാനുബന്ധിച്ച് ഹിസ്റ്ററി ഡിപ്പാർട്ട്മെന്റും NCC യും നടത്തിയ പരിപാടികളിൽ 'സ്വാതന്ത്ര ഇന്ത്യ ചരിത്രവും വാർത്തമാനവും', 'രാജ്യ നിർമാണത്തിൽ യുവതയുടെ പങ്ക്' എന്നീ വിഷയങ്ങളിൽ സലഫി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ പ്രിൻസിപ്പൽ ഡോ. വിജയൻ ചാലോട് ക്ലാസ്സ് നയിച്ചു. കാർഗിൽ വെറ്ററൻ കേണൽ ഒ. പദ്മനാഭൻ എന്നിവർ സംസാരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ വകുപ്പദ്ധ്യക്ഷ ഡോ. സി. മഞ്ജു ഒ. എസ്, ANO Capt Dr. Suja mariamma Joshua വിദ്യാർത്ഥി പ്രതിനിധി അനു സജീഷ് എന്നിവർ സംസാരിച്ചു.

ഹിരോഷിമ, നാഗാസാക്കി ദിനാചരണത്തിന്റെ ഭാഗമായി NSS ന്റെ നേതൃത്വത്തിൽ യുദ്ധവിരുദ്ധ പ്രതിജ്ഞ 09.08.23 ന് നിർമലഗിരി കോളജിൽ സംഘടിപ്പിക്കുകയുണ്ടായി. എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രതിജ്ഞ ഏറ്റുചൊല്ലി.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com

ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

**IELTS, OET, UKVI, PTE**

IELTS, OET, UKVI തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. **Ph: 8281750777, 8281730777**

ഓൺലൈൻ ആയി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക

www.sanjoseacademy.in

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് ഇരിട്ടിയിൽ**

സാൻജോസ് അക്കാദമിയുടെ പുതിയ ബ്രാഞ്ച് ഇരിട്ടിയിൽ ആരംഭിച്ചിരിക്കുന്നു. ഇരിട്ടി തന്തോട് പള്ളിയോട് ചേർന്നുള്ള ബിൽഡിങ്ങിൽ ആണ് പുതിയ ബ്രാഞ്ച് ആരംഭിച്ചിരിക്കുന്നത്. ആദ്യം ബാച്ചിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാണ്. ആകെ 25 സീറ്റുകൾ മാത്രമാണ് ഉള്ളത്. അപ്ലൈ ചെയ്യാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

**www.sanjoseacademy.in Mob : 85472 27325**

ജർമൻ ഭാഷയുടെ പുതിയ ബാച്ച് സെപ്റ്റംബർ 5ന് വിമൽ ജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻ ജോസ് അക്കാദമിയുടെ എല്ലാ പ്രോഗ്രാമുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സോണി വടശ്ശേരിൽ**

*ഡയറക്ടർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്**

https://vjec.ac.in./scholaship/ എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് വൺ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഇപ്പോൾ ത്തന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.

SCAN TO APPLY

| MAR. JOSEPH PAMPLANY EDUCATIONAL SCHOLARSHIP | | | |
|---|---|---|---|
| SCHOLARSHIP | | | Total Marks Scored In Plus One Physics, Mathematics, Chemistry Exams |
| Platinum | ₹ 2,65,400/- | Tution Fee 8650/- മാത്രം | 95% & Above Marks |
| Daimond | ₹ 1,50,000/- | Tution Fee പകുതി മാത്രം 37500/- | 90% & Above Marks |
| Golden | ₹ 60,000/- | Yearly 15000/- | 85% & Above Marks |
| Silver | ₹ 40,000/- | Yearly 10000/- | 80% & Above Marks |

KEAM പരീക്ഷ പാസ്സാകുന്ന കുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് ലഭ്യമാവുക. എല്ലാ ബ്രാഞ്ചുകളിലും സ്കോളർഷിപ്പുകൾ ലഭ്യമാണ്. എന്നാൽ, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & ഡിസൈൻ, സൈബർ സെക്യൂരിറ്റി സയൻസ് & ഡിസൈൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ്, കമ്പ്യൂട്ടർ സയൻസ് & സൈബർ സെക്യൂരിറ്റി കമ്പ്യൂട്ടർ സയൻസ് & ബിസിനസ്സ് സിസ്റ്റം എന്നീ ബ്രാഞ്ചുകളിൽ മാത്രം 95% മാർക്കിൽ കൂടുതലുള്ള 10 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. പ്ലസ് ടു റിസൾട്ട് വന്നു കഴിഞ്ഞാൽ സ്കോളർഷിപ്പിന് പ്ലസ് ടു മാർക്ക് ആയിരിക്കും ബാധകം.

## KEAM RANK SCHOLARSHIP 2023

| | |
|---|---|
| KEAM Rank 1- 5000 | : Scholarship : Entire College Fee |
| Rank 5001- 8000 | : Scholarship : 2,65,400/- (66,350x4 year) |
| | Tution Fee = Government Fee only |
| Rank 8001 - 10000 | : Scholarship : 1,20,000/- (30000x4 year) |
| Rank 10001 - 20000 | : Scholarship : 20,000/- (5000x4 year) |

Web : www.vjec.ac.in Email: admission@vjec.ac.in

## പ്ലേസ്മെന്റ് വാർത്തകൾ August 2023

- ക്യാപസ് റിക്രൂട്ട്മെന്റ് ട്രെയിനിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിആയ **FACE PREP** റിക്രൂട്ട് ചെയ്യുന്നതിന്റെ ഭാഗമായി 2023 വർഷത്തിൽ വിമൽ ജ്യോതിയിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി **campus recrutment** സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം മൂന്ന് ലക്ഷം ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്റ്റാർട്ട് കമ്പനിയായ **PIVOTRICS August** മാസം അഞ്ചാം തീയതി 2024 വർഷത്തിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്കായി **campus recruitment** നടത്തി. രണ്ട് അവസാന വർഷ **computer science** വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. പ്രതിവർഷം ആറരലക്ഷം രൂപ ശമ്പളം ലഭിക്കുന്ന ജോലിയാണ്.
- പ്രമുഖ **EDUTECH** കമ്പനിയായ **BYJU'S LEARNING APP** 2023 വർഷത്തിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി **inside sales executive** തസ്തികയിലേക്ക് campus recruitment നടത്തുന്നു. **selection process** ആഗസ്റ്റ് അവസാനത്തോടെ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- **Govt. Of Kerala undertaking** കമ്പനിയായ **ICT Academy Kerala** യുമായി വിമൽ ജ്യോതി 2024 **August** വരെ **MOU Sign** ചെയ്തു. വിദ്യാർത്ഥികളെ നൂതന സാങ്കേതികവിദ്യ പരിശീലിപ്പിക്കുന്നതിനും, **Placement** നുമുള്ള ധാരണപത്രമാണിത്.
- **B. Tech** മൂന്നാം വർഷത്തിലേക്കും നാലാം വർഷത്തിലേക്കും പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്കായി 30 മണിക്കൂർ ദൈർഘ്യമുള്ള **placement**

ട്രെയിനിങ് **August, 1,2,3 23,24,25** തീയതികളിൽ ആയി സംഘടിപ്പിക്കുന്നു. ക്യാമ്പസ് റിക്രൂട്ട്മെന്റുകൾക്ക് മുന്നൊരുക്കമായി വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിന് വേണ്ടിയാണിത്. പ്രമുഖ ട്രെയിനിങ് കമ്പനികളായ **PROGESSUM EDUTECH, CGP CAREER AVENUES** എന്നിവരുടെ ആഭിമുഖ്യത്തിലാണ് ഈ പരിശീലന പരിപാടി നടത്തുന്നത്.

## എം.ബി.എ. വാർത്തകൾ

### എം ബി എ അഡ്മിഷൻ തുടരുന്നു

കണ്ണൂർ ജില്ലയിലെ ഏക നാക് അക്രെഡിറ്റഡ് മാനേജ്മെന്റ് സ്ഥാപനമായ വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിൽ **2023-25** വർഷത്തേക്കുള്ള എം ബി എ പ്രവേശനം തുടരുന്നു. ബിരുദ പഠനം പൂർത്തിയാക്കിയവർക്കും അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഡിഗ്രിക്ക് കുറഞ്ഞത് 70 ശതമാനം മാർക്ക് എങ്കിലും വാങ്ങിയ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ സ്കോളർഷിപ്പുകളും ലഭ്യമാണ്. 90 ശതമാനം മാർക്ക് വാങ്ങിയ മികച്ച വിദ്യാർത്ഥികൾക്ക് ഗവണ്മെന്റ് ഫീസിൽ വിമൽ ജ്യോതിയിൽ നിന്നും എം ബി എ പഠനം പൂർത്തിയാക്കാവുന്നതാണ്.

**കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക.**

**9497517396, 9656786719, 8111918367**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# ലെ അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

**കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത ജൂലൈ ഓഗസ്റ്റ് മാസങ്ങളിലെ പ്രവർത്തനങ്ങൾ**

കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിൽ ഗ്ലോബൽ ഭാരവാഹികൾ അതിരൂപത എക്സിക്യൂട്ടീവിനെയും യൂത്ത് കൗൺസിൽ പ്രതിനിധികളെയും 01-07-2023 ന് തലശ്ശേരി സന്ദേശഭവനിൽ സന്ദർശിച്ചു. ഈ അവസരത്തിൽ കേരളത്തിലെ സീറോ മലബാർ ക്രൈസ്തവ വിഭാഗം പുണ്യദിനമായി ആചരിച്ചു വരുന്ന വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷി ദിനമായ ജൂലൈ മൂന്നിലെ പൊതു അവധി പുനസ്ഥാപിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത യൂത്ത് കൗൺസിൽ യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. വർഷങ്ങളായി ജൂലൈ 3 പൊതു അവധി ആയിരുന്നു. എന്നാൽ 1996 മുതൽ പൊതു അവധി നിർത്തലാക്കി. അതിനുശേഷം പല പുതിയ പൊതു അവധി ദിവസങ്ങൾ വന്നുവെങ്കിലും സീറോ മലബാർ ക്രൈസ്തവ വിഭാഗത്തിന്റെ വർഷങ്ങൾ ആയിട്ടുള്ള ആവശ്യം മാറിമാറി വരുന്ന സർക്കാരുകൾ അവഗണിക്കുന്നത് ക്രൈസ്തവ വിഭാഗങ്ങളോടുള്ള അവഗണനയാണെന്നും യോഗം കുറ്റപ്പെടുത്തി. യോഗം കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. യൂത്ത് കൗൺസിലിന്റെ ചുമതലയുള്ള ഗ്ലോബൽ സെക്രട്ടറി ശ്രീമതി ട്രീസ ലിസ് സെബാസ്റ്റ്യൻ മുഖ്യ പ്രഭാഷണം നടത്തി. യൂത്ത് കൗൺസിൽ ഗ്ലോബൽ കോ-ഓർഡിനേറ്റർ സിജോ ഇലത്തൂർ ആമുഖപ്രഭാഷണവും രൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ട്രഷറർ ഫിലിപ്പ് വെളിയത്ത്, അനൂപ് പുന്നപ്പുഴ, ജോമോൻ മതിലകത്ത്, ബേബി നെട്ടനാനി, അഡ്വക്കറ്റ് ബിനോയ് തോമസ്, കിഷോർ ചൂരനോലിൽ, ജിമ്മി ഐത്തമറ്റം, ഡേവിസ് ആലങ്ങാടൻ, ജോർജ്

കാനാട്ട്, ബെന്നിച്ചൻ മഠത്തിനാൽ, മാത്യു വള്ളാങ്കോട്, വർഗീസ് പള്ളിച്ചിറ, സൈജു ജോസഫ്, അഡ്വക്കറ്റ് കെ.ഡി. മാർട്ടിൻ, ജോസ് ഏത്തക്കാട്ട്, ടോമി കണയങ്കൽ, തുടങ്ങിയവർ പ്രസംഗിച്ചു.

23-07-2023 ഞായറാഴ്ച പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാന പ്രകാരം 'വേൾഡ് ഡേ ഫോർ ഗ്രാൻഡ് പാരൻസ് ആൻഡ് ദി എൽഡർലി' ദിനമായി ആചരിക്കുകയും അന്നേദിവസം വിവിധ ഇടവകകളിലെ 80 വയസ്സിന് മുകളിൽ പ്രായമുള്ള വയോധികരെ അവരുടെ ഭവനങ്ങളിൽ ചെന്ന് കണ്ട് കത്തോലിക്ക കോൺഗ്രസ് ഉചിതമായ വിധത്തിൽ ആദരിച്ചു.

മണിപ്പൂരിൽ സമാധാനം പുനസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കത്തോലിക്ക കോൺഗ്രസ് 'ശാന്തിദീപം' തെളിയിച്ചു:

കത്തോലിക്ക കോൺഗ്രസ് പ്രവർത്തകരുടെ ഭവനങ്ങളിൽ 24-07-2023 നു 7 മണിക്ക് സമാധാനദീപം തെളിയിച്ചു. അതിരൂപത തല ഉദ്ഘാടനം തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദേവാലയ പരിസരത്ത് ഗ്ലോബൽ ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു.

മണിപ്പൂരിൽ കഴിഞ്ഞ 70 ദിവസത്തിലധികമായി നടന്നു വരുന്ന വർഗീയ കലാപത്തിൽ ദുരിതമനുഭവിക്കുന്ന എല്ലാവരോടുമൊപ്പം കേരളത്തിലെ കത്തോലിക്ക കോൺഗ്രസ് ഉണ്ട് എന്നും നൂറു കണക്കിന് ജനങ്ങൾ ക്രൂരമായി വധിക്കപ്പെട്ടിട്ടും നിരവധി വനിതകളെ വിവസ്ത്രരാക്കി പൊതുജന മധ്യത്തിൽ പീഡിപ്പിച്ചു വധിച്ചിട്ടും പീഡിപ്പിക്കപ്പെട്ടവരുടെ കോടിക്കണക്കിനു രൂപയുടെ വസ്തുവകകൾ തീയിട്ട് നശിപ്പിച്ചിട്ടും നിസംഗതയോടെ നിൽക്കുന്ന കേന്ദ്ര-മണിപ്പൂർ ഗവൺമെന്റിന്റെ നടപടി ലജ്ജാവഹമാണന്നും കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ ഡയറക്ടർ അഭിപ്രായപ്പെട്ടു. അതിരൂപത പ്രസിഡന്റ് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് ഫോറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ, ലേ അപ്പോസ്തോലേറ്റ് തളിപ്പറമ്പ് ഫൊറോന ഡയറക്ടർ ഫാ. മാത്യു വളവനാൽ, അസിസ്റ്റന്റ് വികാരി ഫാ. ഡിറ്റോ ശൗര്യാംതടത്തിൽ, ഫോറോനാ പ്രസിഡന്റ് അഡ്വക്കറ്റ് കെ.ഡി. മാർട്ടിൻ, യൂത്ത് കൗൺസിൽ രൂപത കോർഡിനേറ്റർ കിഷോർ ലാൽ ചൂരനോലിൽ, ദേവസ്യ കൂന്താനം, ജെയിംസ് മരുതാനിക്കാട്ട് സണ്ണി തെക്കയിൽ, മാത്യു കെ.എം., ഡായി പ്ലാത്തോട്ടം, മാത്യു മൂന്നുപീടികയിൽ, ചാക്കോ കരിയിലാംതടം തുടങ്ങിയവർ പ്രസംഗിച്ചു.

മണിപ്പൂരിലെ പീഡിത ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് 'മാനിഷാദ' ഏകദിന ഉപവാസം:

മണിപ്പൂരിൽ 3 മാസത്തിലധികമായി തുടരുന്ന വർഗീയകലാപം അവസാനിപ്പിക്കുവാൻ കഴിയാത്ത കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പരാജയം ഡബിൾ എൻജിൻ സർക്കാർ നിശ്ചലമായതുകൊണ്ടാണെന്ന്

തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് അഭിപ്രായപ്പെട്ടു. ഗോത്ര സംഘർഷമായി തുടങ്ങിയ മണിപ്പൂരിലെ കലാപം പിന്നീട് ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണം ആയി മാറിയെന്നും, ആയിരക്കണക്കിന് ജനങ്ങൾ ദുരിത പൂർണ്ണമായ ജീവിതം നയിച്ചിട്ടും, നൂറുകണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടിട്ടും, നൂറുകണക്കിന് ക്രൈസ്തവ ദേവാലയങ്ങൾ തകർത്തിട്ടും കലാപം അവസാനിപ്പിക്കുന്നതിൽ ഗവൺമെന്റ് പരാജയപ്പെട്ടതിൽ ഇന്ത്യയിലെ ജനങ്ങൾ മുഴുവൻ ആകുലരാണെന്നും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ സർക്കാർ ഇനിയെങ്കിലും തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മറ്റിയുടെ നേതൃത്വത്തിൽ ചെമ്പേരിയിൽ മണിപ്പൂരിൽ പീഡനം അനുഭവിക്കുന്ന ജനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ആയിരങ്ങളെ അണിനിരത്തി കൊണ്ട് നടത്തിയ 'മാനിഷാദ' ഉപവാസ പരിപാടിയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അഭിവന്ദ്യ ആർച്ച് ബിഷപ്പ്മാർ ജോസഫ് പാംപ്ലാനി. അതിരൂപതാ പ്രസിഡണ്ട് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അധ്യക്ഷത വഹിച്ചു. രാവിലെ നടന്ന ഉപവാസ സമരത്തിന്റെ ഉദ്ഘാടനം കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ ദുരിതത്തിൽ കത്തോലിക്ക കോൺഗ്രസ് അവരോടൊപ്പം ഉണ്ട് എന്ന് ഫാ. ഫിലിപ്പ് കവിയിൽ പ്രഖ്യാപിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. സമാപന സമ്മേളനത്തോടനുബന്ധിച്ച് ആയിരങ്ങൾ പങ്കെടുത്ത വമ്പിച്ച റാലിയും നടന്നു. സമാപന സമ്മേളനത്തിൽ ചെമ്പേരി ഫൊറോന വികാരി ഡോ. ജോർജ് കാഞ്ഞിരക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. യൂത്ത് അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്, ഫാ. ആന്റണി മഞ്ഞളാംകുന്നേൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്തു പാറ, കത്തോലിക്കാ കോൺഗ്രസ് അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ചെമ്പേരി ഫെറോന പ്രസിഡന്റ് ജിമ്മി ഐത്തമറ്റം, ഫിലിപ്പ് വെളിയത്ത്, ബേബി നെട്ടനാനി, കിഷോർ ലാൽ ചൂരനോലിൽ, അഡ്വക്കറ്റ് ഷീജ സെബാസ്റ്റ്യൻ, അഡ്വക്കറ്റ് ബിനോയ് തോമസ്, ഡേവിസ് ആലങ്ങാടൻ, ഷീബ തെക്കേടത്ത്, ഷീന പാറക്കൽ, അബ്രഹാം ഈറ്റക്കൽ, സുരേഷ് ജോർജ്, എന്നിവർ പ്രസംഗിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**1. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം**

മയക്കുമരുന്ന് ഉപയോഗത്തിനും അനധികൃത വ്യാപാരത്തിനും എതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ഐക്യരാഷ്ട്ര സഭയുടെ സംരംഭമാണ് ലഹരിവിരുദ്ധ ദിനം.

2023 ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി, മദ്യവിരുദ്ധ സമിതി, മുക്തിശ്രീ, പ്രതീക്ഷാ ഡി അഡിക്ഷൻ സെന്റർ എന്നിവയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണവും പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി.

ഫാ. മാത്യു കാരിക്കൽ സ്വാഗതപ്രസംഗം നടത്തി. റവ. ഡോ. ഫിലിപ്പ് കവിയിൽ അധ്യക്ഷസ്ഥാനം അലങ്കരിച്ചു. തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി യോഗം ഉദ്ഘാടനം ചെയ്തു.

തുടർന്ന് മദ്യവിരുദ്ധ സമിതിയുടെ ഡയറക്ടറായിരുന്ന ഫാ. ചാക്കോ കുടിപ്പറമ്പിലച്ചനും ഒപ്പം ഭാരവാഹികൾക്കും യാത്രയയപ്പ് നല്കുകയും പുതിയ ഭാരവാഹികളെ പൂച്ചെണ്ട് നല്കി സ്വീകരിക്കുകയും ചെയ്തു. പുതുതായി എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥാനത്തേക്ക് വന്ന ഫാ. മാത്യു കാരിക്കലച്ചനെ അഭിവന്ദ്യ പിതാവ് പൊന്നാട അണിയിച്ച് സ്വാഗതം ചെയ്തു. ഉച്ചയോടെ പരിപാടി പര്യവസാനിച്ചു.

**2. യോഗാ ദിനം ആഘോഷിച്ചു**

21-06-2023 അന്താരാഷ്ട്ര യോഗദിനം. ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് ഏറെ ഗുണപരമാണ് യോഗ.

യോഗ ശാരീരികവും മാനസികവുമായ വിശ്രമം പ്രധാനം ചെയ്യുക മാത്രമല്ല, ശക്തിയും വഴക്കവും വികസിപ്പിക്കുകയും ചെയ്യുന്നു. യോഗാദിന ത്തോടനുബന്ധിച്ച് പ്രതീക്ഷയിലെ യോഗാ പരിശീലനത്തിന് നേതൃത്വം നല്കുന്ന റോണയെ ആദരിക്കുകയുണ്ടായി ബഹു. മാത്യു കാരിക്കലച്ചൻ യോഗാദിനത്തെപ്പറ്റിയും യോഗയുടെ പ്രാധാന്യത്തെപ്പറ്റിയും പ്രതീക്ഷയിൽ റോണ ചെയ്യുന്ന സേവനങ്ങളെപ്പറ്റിയും സംസാരിച്ചു. തുടർന്ന് പൂച്ചെണ്ടും പൊന്നാടയും നല്കി റോണയെ ആദരിച്ചു. യോഗാപരിശീലനത്തിനുശേഷം എല്ലാവർക്കും മധുരം വിതരണം ചെയ്തു.

**3. എ.എ മീറ്റിംഗ് – ജൂലൈ**

ജൂലൈ മാസത്തെ ഫോളോപ്പ് മീറ്റിംഗ് 04-07-2023 ഞായറാഴ്ച പ്രതീക്ഷ മദ്യപാനരോഗ ചികിത്സാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുകയു ണ്ടായി. 9:30ന് വി. കുർബാനയോടെ ആരംഭിച്ചു. 10:30 തോടെ പൊതുമീറ്റിംഗ് ആരംഭിച്ചു. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു കാരിക്കൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. തുടർന്ന് റിട്ട. അധ്യാപകൻ ശ്രീ. ജോസ് മേമടം സാർ ക്ലാസ്സിന് നേതൃത്വം നല്കി. ഉച്ചയോടെ മീറ്റിംഗ് അവസാനിച്ചു.

**4. World Oral Hygine Day**

ആഗസ്റ്റ് 1-ന് World Oral Hygine Dayയുടെ ഭാഗമായി Mahe Institute of Dental Sciences and Hospitalന്റെ ആഭിമുഖ്യത്തിൽ പല്ലുകളുടെ സംരക്ഷണത്തെപ്പറ്റി ബോധവത്ക്കരണ ക്ലാസ്സും ക്യാമ്പും പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. 10 മണി യോടെ ക്ലാസ്സ് ആരംഭിച്ചു. പ്രൊഫ. ഡോ. സുബൈർ ക്ലാസ്സിന് നേതൃത്വം നല്കി. 1 മണിക്കൂർ നീണ്ടുനിന്ന ബോധവത്ക്കരണ ക്ലാസിന് ശേഷം ദന്ത പരിശോധന ക്യാമ്പ് നടത്തി. ചികിത്സയിലായിരിക്കുന്ന 30-ഓളം വ്യക്തി കളുടെയും സ്റ്റാഫ് അംഗങ്ങളുടെയും പല്ലുകൾ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കി. ഉച്ചയോടെ പരിപാടി അവസാനിച്ചു.

**5. എ.എ മീറ്റിംഗ് – ആഗസ്റ്റ്**

ആഗസ്റ്റ് മാസത്തെ ഫോളോഅപ്പ് മീറ്റിംഗ് 05-08-2023 ഞായറാഴ്ച പ്രതീക്ഷ മദ്യപാന രോഗചികിത്സാ കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുകയു ണ്ടായി. 9:30ന് വി. കുർബാനയോടെ ആരംഭിച്ചു. ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് പ്രൊഫസർ ശ്രീ. വാസുദേവൻ സാർ ക്ലാസ്സിന് നേതൃത്വം നല്കി. കൗൺസലിംഗും ഉണ്ടായിരുന്നു. ഉച്ചയോടെ മീറ്റിംഗ് അവസാനിച്ചു.

**6. പ്രൊഫ. എം.പി. മന്മഥൻ - 29-ാം ചരമവാർഷിക അനുസ്മരണ സമ്മേളനം**

സാമൂഹ്യ സാംസ്കാരിക രംഗത്തെ ഉജ്വല വ്യക്തിത്വവും സർവ്വോദയ - ദൂദാന - സമാധാന മദ്യനിരോധന പ്രസ്ഥാനങ്ങളുടെ നായകനും മാതൃകാ അധ്യാപകനുമായ പ്രൊഫ. എം.പി മന്മഥൻ സാറിന്റെ 29-ാം ചരമ വാർഷികദിനം ആഗസ്റ്റ് 14 തിങ്കളാഴ്ച വൈകുന്നേരം 3.30ന് തലശ്ശേരി പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുകയുണ്ടായി. ഫാ. മാത്യു കാരിക്കൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. ഡോ. എം.പി മത്തായി ഉദ്ഘാടനവും ടി. പി. ആർ. നാഥ് അധ്യക്ഷതയും വഹിച്ചു. തുടർന്ന് നവോത്ഥാന മൂല്യങ്ങളുടെ വർത്തമാനകാല പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ് സ്മാരക പ്രഭാഷണം നടത്തി. 5.30 തോടെ യോഗം പര്യവസാനിച്ചു.

**7. സ്വാതന്ത്ര്യദിനാചരണം**

ഇന്ത്യയുടെ 77-ാമത് സ്വതന്ത്ര്യദിനം പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം ഭംഗിയായി ആഘോഷിച്ചു. സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി 15-08-2023 രാവിലെ 7:45ന് മോൺ. സിബി പാലാക്കുഴി ദേശീയ പതാക ഉയർത്തി. തുടർന്ന് അച്ചൻ സ്വാതന്ത്ര്യദിനസന്ദേശം നല്കി. സ്വാതന്ത്ര്യദിന പ്രതിജ്ഞയ്ക്ക് സ്റ്റാഫ് സെക്രട്ടറി ശ്രീ. സുബിൻ കുര്യാക്കോസ് നേതൃത്വം നല്കി. ദേശീയഗാനത്തോടെ ആഘോഷത്തിന് സമാപനമായി. തുടർന്ന് എല്ലാവർക്കും മധുരം വിതരണം ചെയ്തു.

**ഫാ. മാത്യു കാരിക്കൽ**
മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടെ എക്സി. ഡയറക്ടർ

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

## ഓഗസ്റ്റ് മാസ പ്രോഗ്രാം

### വിശുദ്ധ കുർബാന സെന്ററുകളിലൂടെ...

ആറാം തീയതി ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിൽ ബൈബിൾ ക്ലാസും, കുമ്പസാരവും വിശുദ്ധബലിയും അർപ്പിച്ചു.

പതിമൂന്നാം തീയതി ബാംഗ്ലൂർ സെന്റ് പാട്രിക് ദൈവാലയത്തിൽ ബാംഗ്ലൂർ എഫാത്ത മിഷൻ അംഗങ്ങൾക്കുവേണ്ടി ബൈബിൾ പഠനവും, ബലിയർപ്പണവും നടത്തി.

### കൊല്ലം കാത്തലിക് ബധിര കൂട്ടായ്മ

ആദം മിനിസ്ട്രി പുതുതായി ഏറ്റെടുത്ത കൊല്ലം ബധിര ബൈബിൾ കൂട്ടായ്മ അംഗങ്ങൾക്കായി കൊല്ലം ബെൻസിങ്ങർ നഴ്സിംഗ് കോളേജിൽ വച്ച് 27 ന് വിശുദ്ധ ബലി നടത്തി. കൊറോണ കാലഘട്ടത്തിൽ മുടങ്ങിപ്പോയ ആംഗ്യഭാഷ ബലിയർപ്പണകൂട്ടായ്മ പുനരാരംഭിച്ചതിൽ അംഗങ്ങൾ അതിയായ സന്തോഷം പ്രകടിപ്പിച്ചു. രൂപത ഭാരവാഹികൾ ബലിയർപ്പണത്തിൽ പങ്കുചേർന്നു.

### മൃതസംസ്കാര ശുശ്രൂഷകൾ

ഒന്നാം തീയതി ആദം മിനിസ്ട്രി അംഗവും കുടിയാൻമല ഇടവകാംഗവുമായ മാർട്ടിൻ മഞ്ഞക്കാട്ടിന്റെ പിതാവിന്റെ മരണാനന്തരശ്രൂഷകളിൽ പങ്കുചേർന്ന് റീത്ത് സമർപ്പിച്ചു.

പതിനാലാം തീയതി ആദം മിനിസ്ട്രിയുടെ ആരംഭം മുതൽ സജീവ അംഗമായിരുന്ന മുളപ്ര ഇടവകാംഗമായ പുതുമന മാർട്ടിന്റെ നിര്യാണത്തിൽ അംഗങ്ങൾ അനുശോചനം അറിയിച്ച് റീത്ത് സമർപ്പിച്ചു. മൃതസംസ്കാര ശുശ്രൂഷയിൽ ആദ്യാന്തം പങ്കുചേർന്ന് സമൂഹത്തിനായി ആംഗ്യഭാഷയിൽ പരിഭാഷ നൽകി.

## ഹോം മിഷൻ

ആദം മിനിസ്ട്രി അംഗങ്ങളുടെ ഭവനാംഗങ്ങളെ പരിചയപ്പെടുക ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഹോം മിഷൻ പരിപാടിയുടെ ഭാഗമായി പോൾ പെരുമ്പുഴയിൽ കുടിയാന്മല, സന്തോഷ് ചിറത്തലയാത്ത് തേർമല, ബിജു തെക്കേൽ & ഷാജു തെക്കേൽ കരിക്കോട്ടക്കരി, സനീഷ് പുതുവേലിൽ, അരുൺ തറക്കുന്നേൽ രയറോം, ഉഷസ് കരിമുണ്ടയ്ക്കൽ ചെമ്പേരി എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

## സ്വാതന്ത്ര്യദിനാഘോഷം

ഇന്ത്യൻ സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഇരിട്ടി ചാവറ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിലെ വിദ്യാർത്ഥി കളോടും രക്ഷകർത്താക്കളോടും ചേർന്ന് ആദം മിനിസ്ട്രി അംഗങ്ങൾ സംയുക്തമായി ആഘോഷിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് റവ. സിസ്റ്റർ ദീപ CMC പതാക ഉയർത്തി. കുട്ടികളുടെ വിവിധ കലാപരിപാടികൾ ആഘോഷ ങ്ങൾക്ക് മാറ്റുകൂട്ടി. ആലക്കോട് ബൈബിൾ കൂട്ടായ്മ അംഗങ്ങൾ മധുര പലഹാരങ്ങൾ വിതരണം ചെയ്തു. ആംഗ്യഭാഷയിൽ ഉള്ള വിശുദ്ധ ബലി അർപ്പണത്തിനുശേഷം ആലക്കോട് കൂട്ടായ്മ സെക്രട്ടറി ശ്രീ. ആൻറണി വെട്ടിക്കാട്ടിൽ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. ആഘോഷങ്ങൾക്ക് അവസരം ഒരുക്കി തന്ന സ്കൂൾ അധികൃതരോട് ആദം മിനിസ്ട്രിയുടെ നന്ദി അറിയി ക്കുന്നു.

## സെപ്റ്റംബർ മാസ പ്രോഗ്രാം

02 - ബാംഗ്ലൂർ ഭിന്നശേഷി ദിനം
10 - സെന്റ് പാട്രിക് ബാംഗ്ലൂർ
24 - ആലക്കോട് ലോഗോസ് ക്വിസ്

## മിനിസ്ട്രി സെന്റർ ഉദ്ഘാടനം

അതിരൂപതയിലെ ഭിന്നശേഷിക്കാരുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനായി അതിരൂപത തുടക്കം കുറിച്ച ആദം മിനിസ്ട്രിയുടെ സർവീസ് സെൻറർ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ലോക ബധിര വാരാഘോഷത്തിന്റെ തുടക്കദിനമായ പതിനേഴാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുന്ന താണ്. രാഷ്ട്രീയ സാമൂഹിക രംഗത്തെ വിശിഷ്ടവ്യക്തികൾ ഭിന്നശേഷിക്കാർ എന്നിവർ പങ്കുചേരുന്നു. അതിരൂപയുടെ കാരുണ്യത്തിന്റെ പുതിയൊരു വാതിൽ തുറക്കുന്ന മഹനീയ നിമിഷങ്ങളിൽ പങ്കുചേരുവാൻ ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

ടി. എസ്. എസ്. എസ്.

## TSSS SAJEEVAM ANTI - DRUG PROGRMME

സമൂഹത്തെയും പുതുതലമുറയെയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ലഹരിക്കെതിരെ അരോളി ഹയർ സെക്കണ്ടറി സ്കൂളിൽ ബോധവൽക്കരണ ക്ലാസ്സും ഏകാംഗനാടകവും സംഘടിപ്പിച്ചു. ലഹരിക്കെതിരെ കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി ഓഗസ്റ്റ് 3-ാം തീയതി ചിറക്കൽ ഹയർസെക്കണ്ടറി സ്കൂളിൽ ഏകാംഗനാടകം സംഘടിപ്പിച്ചു.

എടപ്പുഴയിലുള്ള TSSS ന്റെ സ്വാശ്രയ സംഘാംഗങ്ങൾക്കായി, എടപ്പുഴ സെന്റ് ജോസഫ് പള്ളിയിൽ വച്ച് ഓഗസ്റ്റ് 19, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2:00 മണിക്ക് ബോധവൽക്കരണ ക്ലാസ് നടത്തി. ഇരിട്ടി എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ. റെനീഷ് ഓർക്കാട്ടേരി ക്ലാസ് നയിച്ചു. യോഗത്തിൽവച്ച് കിടപ്പുരോഗിയായ ഒരാൾക്ക് എയർബെഡ് വിതരണം നടത്തി.

## ഫാമിലി കൗൺസലിംഗ് സെന്റർ

TSSS ഫാമിലി കൗൺസലിംഗ് സെന്ററിന്റെ എൺപത്തിയഞ്ചാമത് സബ് കമ്മറ്റി മീറ്റിംഗ് 2023 ഓഗസ്റ്റ് 18ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് TSSS ഓഫീസിൽവച്ച് നടത്തി. ഡയറക്ടർ ബെന്നി നിരപ്പേൽ അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിങ്ങിൽ സബ് കമ്മിറ്റി മെമ്പേഴ്സ് എല്ലാവരും ചേർന്ന് FCC അംഗങ്ങളുടെയും കൗൺസിലിംഗ് സെന്ററിന്റെയും പ്രവർത്തനങ്ങളെപ്പറ്റി അവലോകനം നടത്തി. മീറ്റിംഗിൽ ഡിസ്ട്രിക്ട് വുമൺ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി സുലജ പി. മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് മീറ്റിംഗിന് ആശംസകൾ അറിയിച്ച് സംസാരിച്ചു. തലശ്ശേരി ജനമൈത്രി പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. നജീബ്,

പിങ്ക് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീമതി ജമീല, അഡ്വ. ഷീല, അഡ്വ. റുമീള, മുൻസിപ്പൽ കൗൺസിലർ ശ്രീ. ഷിൽഷാദ് മറ്റ് സബ് കമ്മറ്റി മെമ്പേഴ്സ് എന്നിവർ സംസാരിച്ചു.

## ചൈൽഡ്ലൈൻ - യാത്രയയപ്പ്

2007 മുതൽ TSSS ന്റെ ഭാഗമായിരുന്ന കണ്ണൂർ ചൈൽഡ് ലൈൻ യൂണിറ്റ് കേന്ദ്രഗവൺമെന്റിന്റെ മിഷൻ വാത്സല്യയുടെ ഭാഗമായി ചൈൽഡ് ഹെൽപ് ലൈൻ ആയിതീരുകയും പുതിയ ഓഫീസിലേക്ക് മാറി പ്രവർത്തനം ആരംഭിക്കുകയും ചെയ്തതിനാൽ ചൈൽഡ്ലൈൻ സ്റ്റാഫ് അംഗങ്ങൾക്ക് TSSS ഓഡിറ്റോറിയത്തിൽ വച്ച് യാത്രയയപ്പ് നൽകി. തദവസരത്തിൽ CWC ചെയർമാനും മറ്റു മെമ്പർമാരും TSSS സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു. TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ചൈൽഡ് ലൈൻ അംഗങ്ങൾക്ക് ഉപഹാരങ്ങൾ നൽകുകയും അവരുടെ സ്തുത്യർഹമായ സേവനങ്ങൾക്ക് നന്ദി അർപ്പിക്കുകയും ചെയ്തു.

## ആദരം

കുട്ടികളുടെ അവകാശ സംരക്ഷണത്തിനു വേണ്ടി മാതൃകാപരമായ പ്രവർത്തനം നടത്തിയ ശ്രീമതി സാബിറ ടീച്ചറിനെ TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മെമന്റോ നല്കി ആദരിച്ചു.

## ഭവനനിർമ്മാണം

TSSS നെടുമ്പുറംചാൽ ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ നിർദ്ധന കുടുംബത്തിന് നിർമ്മിച്ചു നൽകിയ ഭവനത്തിന്റെ വെഞ്ചിരിപ്പ്കർമ്മം 17-08-2023 ന് TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നിർവഹിച്ചു. പേരാവൂർ റീജണൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം, നെടുമ്പുറംചാൽ യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് മുണ്ടക്കൽ, പേരാവൂർ പ്രോഗ്രാം മാനേജർ ശ്രീമതി. ഉഷ ദിനേശൻ, പേരാവൂർ ഫൊറോന പ്രസിഡന്റ് ശ്രീ. ഗ്രേസൻ ഉള്ളാഹയിൽ, നെടുംപുറംചാൽ യൂണിറ്റ് ആനിമേറ്റർ സി. ബെറ്റി ഡി എസ്, മറ്റു യൂണിറ്റ് ഭാരവാഹികൾ, മേഖലാ കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ഭവന നിർമ്മാണ കമ്മിറ്റി കൺവീനർ ശ്രീ. സാബു മാന്തറ പരിപാടികൾക്ക് നേതൃത്വം നൽകി.

## സ്വാതന്ത്ര്യദിനാഘോഷം

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ TSSS ഓഫീസിൽ ദേശീയ പതാക ഉയർത്തുകയും മധുര പലഹാരങ്ങളുടെ വിതരണം നടത്തുകയും ചെയ്തു. TSSS അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, TSSS സ്റ്റാഫ് അംഗങ്ങൾ എന്നിവർ സംബന്ധിച്ചു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ എടൂർ മൈത്രി ഭവനിൽ പതാക ഉയർത്തി. എല്ലാ മേഖല

കളിലെയും TSSS അംഗങ്ങൾ വിവിധ ഇടങ്ങളിലായി പതാക ഉയർത്തിയും മധുരപലഹാരങ്ങൾ വിതരണം ചെയ്തും നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കുചേർന്നു.

## JLG

TSSS ന്റെ നേതൃത്വത്തിൽ വെള്ളരിക്കുണ്ട്, എടൂർ, നെല്ലിക്കാംപൊയിൽ, പേരാവൂർ എന്നീ മേഖലകളിൽ പുതിയ JLG ഗ്രൂപ്പുകൾ രൂപീകരിച്ചു. ഈ മേഖലകളിലെ JLG മെമ്പർമാർക്ക് JLG ലോണുകളുടെ വിതരണം, തിരിച്ചടവ് എന്നിവയെപ്പറ്റി TSSS ഡയറക്ടർ ബെന്നി നിരപ്പേൽ അച്ചന്റെ നേതൃത്വത്തിൽ ഓൺലൈൻ ക്ലാസ്സ് സംഘടിപ്പിച്ചു. 600 ഓളം പേർ ഈ ക്ലാസ്സിൽ പങ്കെടുത്തു.

**മെഡിക്കൽക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തെ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും നമ്മുടെ കുടുംബത്തെയും നാടിനെയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധന ക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ അർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചു വരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാ രീതി കളിലൂടെയും നിരവധി പേരെ രോഗമുക്തരാക്കാനും സഹായിക്കുവാനും ഇതുവഴി സാധിച്ചിട്ടുണ്ട്. ഓഗസ്റ്റ് മാസത്തിലെ ക്യാമ്പ് പന്ത്രണ്ടാം തീയതി ആലക്കോട് വച്ച് സംഘടിപ്പിച്ചു. സെപ്റ്റംബർ മാസത്തിലെ മെഡിക്കൽ ക്യാമ്പ് 04-09-2023ന് ചിറ്റാരിക്കാലിൽ വച്ച് നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.

**ഫാ. ബിബിൻ വരമ്പകത്ത്**
*അസി. ഡയറക്ടർ*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

അഭിവന്ദ്യ മാർ ജോർജ് ഞരളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം നൽകിയ എയ്ഞ്ചൽ ട്രസ്റ്റിന്റെ കണ്ണൂർ ജില്ലയിലെ രണ്ടാമത്തെ സംരംഭമായി ഇരിട്ടി കടത്തുംകടവിൽ പ്രവർത്തനമാരംഭിച്ച ഡയാലിസിസ് സെന്ററിൽ വിദഗ്ധ ഡോക്ടർമാരുടെയും ടീം അംഗങ്ങളുടെയും സേവനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. നിർദ്ധനരായ വൃക്കരോഗികൾ തങ്ങളുടെ ഫൊറോനകൾ മുഖേനയോ ഇടവക വികാരിയച്ചന്മാർ മുഖേനയോ എയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ പരമാവധി ഉപകാരപ്രദമാക്കുവാൻ ശ്രമിക്കുമല്ലോ.

**എയ്ഞ്ചൽ – പണമിടപാടുകൾ**

എയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി എല്ലാ ഫൊറോനകളിലും ബാങ്ക് അക്കൗണ്ടുകളിലൂടെ പണമിടപാടുകൾ നടത്തുന്നതിനായി പാസ്ബുക്കുകളും, റെസീപ്റ്റ് ബുക്കുകളും, ചെക്ക് ബുക്കുകളും ലഭ്യമാക്കിയിട്ടുണ്ട്. പരമാവധി 2000 രൂപവരെ പണം ആയിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി നല്കുന്നത് തുക പരമാവധി ബാങ്ക് വഴി നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകം ടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്കായോ സംഭാവനകൾ തരുന്നവരുടെ ആധാർകാർഡിന്റെയും പാൻകാർഡിന്റെയും ഓരോ കോപ്പിവീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധി ക്കുമല്ലോ. ഏറ്റവും അർഹതപ്പെട്ട രോഗികൾക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽനിന്നും പ്രത്യേകം

ശ്രദ്ധിക്കേണ്ടതും ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളുടെയും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും ആണ്.

E-mail:angeltrust50@gmail. Com
കൂടുതൽ വിവരങ്ങൾക്ക് : +918281955563

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
*കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

കുന്നോത്തുള്ള ഹരിത പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന്റെ ഇൻസ്പെക്ഷനുവേണ്ടി ജില്ലാതലത്തിലുള്ള വിവിധ ഡിപ്പാർട്ട്മെന്റുകളിൽനിന്നും ഏഴ് അംഗസംഘം വരികയും പരിശോധന നടത്തുകയും ചെയ്തു.

ബയോമൗണ്ടന്റെ പർച്ചേസിംഗ് സാധ്യതകളെപ്പറ്റി പഠിക്കുവാൻ മൂന്നംഗസംഘം ആന്ധ്രാപ്രദേശിലെ ഗുണ്ടൂർ സന്ദർശിക്കുകയും ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിക്കുകയും വിശദമായി പഠിക്കുകയും ചെയ്തു. ബയോമൗണ്ടന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 07-08-2023, 14-08-2023 എന്നീ ദിവസങ്ങളിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. 04-08-2023 ചൊവ്വാഴ്ച ബയോമൗണ്ടൻ ബോർഡ് മീറ്റിംഗ് നടത്തി.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

# ഇൻഫാം

**ജില്ലാകമ്മിറ്റി മീറ്റിംഗുകൾ**

**കാസർഗോഡ് ജില്ലാ കമ്മിറ്റി:** കാസർഗോഡ് ജില്ലാ കമ്മിറ്റി സോഷ്യൽ സർവീസ് അപ്പോസ്തോലേറ്റ് ഡയറക്ടർ ബഹു. ഫാ. ബെന്നി നിരപ്പേലിന്റെ അധ്യക്ഷതയിൽ വെള്ളരിക്കുണ്ട് ഫൊറോനാ ദൈവാലയത്തിൽവച്ച് 13-08-2023 നടത്തപ്പെട്ടു. ഇൻഫാം മുൻ ദേശീയ ചെയർമാനും തലശ്ശേരി അതിരൂപത വികാരി ജനറാളുമായ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ആമുഖപ്രഭാഷണം നടത്തി. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത് യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു. ഫൊറോനാ ഡയറക്ടർ മാരായ ഫാ. ജോൺസൺ അന്ത്യാംകുളം, ഫാ. ജോൺസൺ വേങ്ങപ്പറമ്പിൽ, ഫാ. മാത്യു പൊട്ടംപ്ലാക്കൽ, ഫാ. ജോസഫ് റാത്തപ്പള്ളിയിൽ, ഫാ. ജോർജ് വെള്ളരിങ്ങാട്ട്, ഫാ. ഷെറിൻ പ്രവർത്തുംമലയിൽ എന്നിവർ പങ്കെടുത്തു. ഇൻഫാം കാസർഗോഡ് ജില്ലാ പ്രസിഡന്റ് ശ്രീ. ഗിരീഷ് മാത്യു, മറ്റ് ജില്ലാതല ഭാരവാഹികൾ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. യോഗത്തിൽ ആകെ 30 നേതാക്കൾ പങ്കെടുത്തു.

**കണ്ണൂർ ജില്ലാകമ്മിറ്റി:** ഇൻഫാം കണ്ണൂർ ജില്ലാ കമ്മിറ്റിയുടെ മീറ്റിംഗ് ഓഗസ്റ്റ് 20 ഉച്ചകഴിഞ്ഞ് 2:00 മണിക്ക്, നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ ചേർന്നു. ഇൻഫാമിന്റെ ദേശീയജനറൽ സെക്രട്ടറിയും നെല്ലിക്കാംപൊയിൽ ഫൊറോനാ വികാരിയുമായ പെരിയ ബഹു. ഫാ. ജോസഫ് കാവനാടിൽ, TSSS അസി. ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡന്റ് ശ്രീ. സ്കറിയ നെല്ലംകുഴി എന്നിവർ പ്രസംഗിച്ചു. ഇൻഫാമിന്റെ മറ്റ് ജില്ലാനേതാക്കൾ യോഗത്തിൽ പങ്കെടുത്തു.

**ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളുടെ യൂണിറ്റ്തല തെരഞ്ഞെടുപ്പ് സെപ്റ്റംബർ 10 നും 20 നും ഇടയ്ക്കും ഫൊറോനാതല തെരഞ്ഞെടുപ്പ് ഒക്ടോബർ 10 നും മുമ്പായും നടത്തി ഭാരവാഹികളുടെ ലിസ്റ്റ് TSSS ന്റെ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

ഫാ. ബിബിൻ വരമ്പകത്ത്
അസി. ഡയറക്ടർ TSSS

ഫാ. ബെന്നി നിരപ്പേൽ
ഡയറക്ടർ TSSS

## ധ്യാനകേന്ദ്രങ്ങളിലൂടെ
## 2023 സെപ്റ്റംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

സെപ്റ്റം. 01-03 : തപസ് ധ്യാനം
03-07 : ആന്തരീക സൗഖ്യ ധ്യാനം
09 : **മദർ ഹോം വാർഷികം**
17-20 : കന്നഡ ധ്യാനം
24-29 : അതിരൂപതാ വൈദീകരുടെ ധ്യാനം
29 - ഒക്ടോ.01: വാരാന്ത്യ ധ്യാനം

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

സെപ്റ്റം. 08 : ജാഗരണ പ്രാർത്ഥന
09 : കുട്ടികളുടെ ഏകദിന ധ്യാനം
02, 16, 23, 30 : ഏകദിന ധ്യാനം
15 : വിമലഗിരി പ്രേഷിത കൂട്ടായ്മ
09-13 : ആന്തരീക സൗഖ്യ ധ്യാനം
23-27 : ആന്തരീക സൗഖ്യ ധ്യാനം

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ : 7306859339**

സെപ്റ്റം. 02 : അഖണ്ഡ ജപമാല
08 : ജാഗരണ പ്രാർത്ഥന
10-14 : മരിയൻ ധ്യാനം
28-30 : കുടുംബ നവീകരണ ധ്യാനം

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂലൈ 2023

26 പാലായിൽവച്ച് ചേർന്ന എഡ്യുക്കേഷണൽ കമ്മീഷൻ മീറ്റിംഗിൽ വിഷയാവതരണം നടത്തി.

27 രാവിലെ വെള്ളരിക്കുണ്ട് ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം ചെറുപുഴ ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. രാത്രി 9 മണിക്ക് ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

28 കോളയാട് അൽഫോൻസാ ദൈവാലയത്തിൽ തിരുനാൾ കുർബ്ബാനയർപ്പിച്ചു. തുടർന്ന് കുന്നോത്ത് മേജർ സെമിനയുടെ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം ചെമ്പന്തൊട്ടി ഇടവക തോപ്പിലായിൽ പുതുതായി പണികഴിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. തുടർന്ന് ഓൺലൈനായി ചേർന്ന മീഡിയാ കമ്മീഷൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

29 ആര്യപറമ്പ് ദൈവാലയത്തിൽവച്ച് സോഫിയ തച്ചപറമ്പത്ത്, ഗ്രെയ്സി ഓറിത്തായിൽ, ജെയ്സി ഓറിത്തായിൽ എന്നിവർക്ക് കോൺസക്രേറ്റഡ് വെർജിൻ പദവി നൽകി. തുടർന്ന് കുന്നോത്ത് വച്ച് ബയോമൗണ്ടൻ ഫാക്ടറി ഉദ്ഘാടനം നടത്തി. ഉച്ചയ്ക്കുശേഷം തോമാപുരത്ത് പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു.

30 പയ്യന്നൂർ ഇടവകാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. വൈകുന്നേരം മാങ്ങോട് ഇടവകയിൽ നിര്യാതനായ കുട്ടിയച്ചൻ ആനക്കല്ലിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

31 തലശ്ശേരിയിൽവച്ച് ചേർന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് സെമിനാരി സ്റ്റാഫ് മീറ്റിംഗിലും കൂരിയാ മീറ്റിംഗിലും അധ്യക്ഷത വഹിച്ചു.

### ആഗസ്റ്റ് 2023

01-04 കെ.സി.ബി.സി മീറ്റിംഗിൽ പങ്കെടുത്തു.

05 രാവിലെ തലശ്ശേരി മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ദിവ്യബ

ലിയർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് കത്തീഡ്രൽ ഇടവക മുഴ പ്പിലങ്ങാട് നിർമ്മിച്ച് നൽകിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വ ഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ച യ്ക്കുശേഷം നെല്ലിക്കാംപൊയിൽ ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. രാത്രി 9 മണിയോടെ ചേർന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

06 വട്ടിയറ ഇടവകാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി.

07 രാവിലെ മാലോം ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാ ടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം പനത്തടി ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. തുടർന്ന് നെല്ലിക്കാം പൊയിൽ സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ പുതുതായി പണിക ഴിപ്പിച്ച സെമിത്തേരിയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. മരണമടഞ്ഞ സി. എവറിസ്റ്റ സി.എം.സിയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

08 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഫൊറോനാ വികാരിമാരുടെ മീറ്റിം ഗിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം കുന്നോത്ത് എഫ്.സി.സി സന്യാസഭവനത്തിൽവച്ച് സി. തോമസീനാ എഫ്.സി.സിയുടെ മൃതസം സ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

09 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

10 കുന്നോത്ത് മേജർ സെമിനാരിയുടെ കമ്മീഷൻ മീറ്റിഗിൽ അധ്യക്ഷത വഹിച്ചു.

11-12 കുന്നോത്ത് മേജർ സെമിനാരിയിൽവച്ച് ഡീക്കന്മാരുടെ ക്ലാസ്സ് നയിച്ചു. പന്ത്രണ്ടാം തീയതി വൈകുന്നേരം തലശ്ശേരിയിൽവച്ച് ചേർന്ന കെ.സി. വൈ.എം സെനറ്റ് ഉദ്ഘാടനം ചെയ്തു.

13 തയ്യേനി ഇടവകാ ദൈവാലയത്തിൽ ഇടയസന്ദർശനം നടത്തി. രാത്രി 9 മണിക്ക് ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡിൽ പങ്കെടുത്തു.

15 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് മൈനർ സെമിനാരിയിൽ ദേശീയപതാക ഉയർത്തി. തലശ്ശേരി സാൻജോസ് സ്കൂളിലെ സ്വാതന്ത്ര്യദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം എഫ്.സി.സി കോൺവെന്റിലെത്തി മരണമടഞ്ഞ സി. സ്റ്റെല്ലാ എഫ്.സി.സിയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തുടർന്ന് എ.കെ.സി.സിയുടെ നേതൃത്വത്തിൽ മണിപ്പൂർ കലാപത്തിനെതിരെ ചെമ്പേരിയിൽവച്ച് നടത്തിയ ഉപവാസ സമരത്തിന്റെ സമാപന സമ്മേ ളനത്തിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരത്തോടെ മണ്ടപം ഇടവക

പുതുതായി പണികഴിപ്പിച്ച പാരിഷ് ഹാളിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് ബിരിക്കുളത്ത് സംഘടിപ്പിച്ച കെ.സി.വൈ.എം ടീ-ടൈം പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. രാത്രി 9 ന് ചേർന്ന പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

16 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയോടെ നിർമ്മലഗിരിയിലെത്തി നാക് അക്രഡിഷനിൽ A++ ഗ്രേഡ് നേടിയ കോളേജിലെ സ്റ്റാഫ് അംഗങ്ങളെ ആദരിക്കുന്ന ചടങ്ങിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം മേരിഗിരി ദൈവാലയത്തിൽവച്ച് ജോസ് മാത്യു ഉറുമ്പുമാക്കലിന്റെയും ആൻമേരി വട്ടക്കുന്നേലിന്റെയും വിവാഹം ആശീർവ്വദിച്ചു.

17 രാവിലെ കണ്ണൂരിൽവച്ച് പുതുതായി ആരംഭിക്കുന്ന വേദിക് ഐ.എ.എസ് അക്കാദമിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തുടർന്ന് കാസർഗോഡ് ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം കാഞ്ഞങ്ങാട് ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു. രാത്രിയോടെ പുളിങ്ങോം ഇടവകയിൽ നിര്യാതനായ ജോസഫ് ആന്റണി മുണ്ടമറ്റത്തിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. വൈകുന്നേരം നവീകരണ ധ്യാനം നടക്കുന്ന കോളയാട്, നെടുംപുറംചാൽ, പൂളക്കുറ്റി, കൊളക്കാട്, രാജമുടി, ആര്യപറമ്പ് ഇടവകകൾ സന്ദർശിച്ചു.

19 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഫിനാൻസ് കൗൺസിൽ, കൺസൾട്ടേഴ്സ് മീറ്റിംഗുകൾക്ക് അധ്യക്ഷത വഹിച്ചു. വൈകുന്നേരം നവീകരണ ധ്യാനം നടക്കുന്ന എടത്തൊട്ടി, പെരുമ്പുന്ന, ഓടംതോട്, ചെട്ടിയാംപറമ്പ്, മഞ്ഞളാംപുറം ഇടവകകൾ സന്ദർശിച്ചു.

20 ആലക്കോട് പുതുതായി ആരംഭിക്കുന്ന എസ്.ജെ. ബിൽഡ്വെയർ ഷോറൂമിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് ആലക്കോട് ദൈവാലയത്തിൽവച്ച് അതുൽ തുളുവനാനിക്കലിന്റെയും അൽഫോൻസ കോട്ടയിലിന്റെയും മനസമ്മതം നടത്തി. വൈകുന്നേരം നവീകരണ ധ്യാനം നടക്കുന്ന കല്ലുമുതിരക്കുന്ന്, ചെങ്ങോം, കണിച്ചാർ, മടപ്പുരച്ചാൽ, മാവടി, പേരാവൂർ ഇടവകകൾ സന്ദർശിച്ചു.

**SEPTEMBER 2023**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Kunnoth: GSMS |
| 02 | 07:00 am | - | Thabore: Baptism |
| | 10:30 am | - | Alakode: Vincent De Paul Meeting |
| | 02:30 pm | - | Thomapuram: Parish Council Meeting |
| 03 | | - | Mattannur: Pastoral Visit |
| 04 | | - | Kunnoth: GSMS |
| 05 | | - | Presbyteral Council |
| 06 | 09-12 pm | - | Visitors Day |
| 07 | 10:00 am | - | Curia Meeting |
| | 03:00 pm | - | Poolakkutty: Parish Jubilee |
| 08 | | - | Kunnoth: GSMS |
| 09 | 09:30 am | - | Marygiri: Parish Council Meeting |
| | 7:00 pm | - | Chemperi: Sanjose Academy Meeting |
| 11 | | - | Kunnoth: GSMS |
| 12 | 09-12 pm | - | Visitors Day (Priests) |
| | 03:00 pm | - | Thirumeni: Jubilee |
| 13 | 09-12 pm | - | Visitors Day (General Public) |
| | 03:30 pm | - | Vellarikkundu |
| 14 | 10-01 pm | - | Chemperi: Parish Council Meeting |
| | 02-05 pm | - | Chempanthotty: Parish Council Meeting |
| 15 | 08:30 am | - | Cheekkad: Bible Convention |
| | 04:00 pm | - | Kunnoth: Nazareth Generalate |
| 16 | 04:00 pm | - | Karikkottakari: Old Age Home Blessing |
| 17 | 09:00 am | - | Athirumav: Parish Hall Blessing |
| | 03:00 pm | - | Padannakkad: ADAM Ministry Centre |
| 17-22 | | - | Annual Retreat Batch I |
| 23-24 | | - | Bangalore: CBCI Standing Committee |
| 24-29 | | - | Annual Retreat Batch II |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ജൂലൈ 2023**

22 രാവിലെ മാടത്തിൽ ഇടവകാംഗമായ ബഹു. സി. മേരി വിജിലി DC-യുടെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

23 ഉച്ചകഴിഞ്ഞ് 3.30 ന് മുളപ്ര ഇടവകയിൽ തിരുനാൾ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

25 രാവിലെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന വൊക്കേഷൻ പ്രൊമോട്ടർമാരുടെ വാർഷിക മീറ്റിംഗിൽ പങ്കെടുക്കുകയും ആശംസ കളർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

26 രാവിലെ പേരാവൂർ ഇടവകാംഗമായ മത്തായി റാത്തപ്പിള്ളിയുടെ ചരമ വാർഷികതത്തിന് വി. കുർബാന അർപ്പിക്കുകയും ഭവനത്തിൽ ചെന്ന് പ്രാർത്ഥിക്കുകയും ചെയ്തു. 10.30 ന് കിളിയന്തറ SABS പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. പ്രൊവിൻഷ്യൽ അമ്മയുടെ ഫീസ്റ്റിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

27 വൈകുന്നേരം 4.30 ന് കോളയാട് ദേവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

28 രാവിലെ 9 മണിക്ക് ഏറ്റുപാറ MSMI കോൺവെന്റിലെ അൾത്താരയുടെ കൂദാശകർമ്മം നിർവ്വഹിച്ചു. 10 മണിക്ക് ഇടവക ദേവാലയത്തിൽ തിരുനാൾ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

29 രാവിലെ വഞ്ഞോട് ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

30 രാവിലെ മാർട്ടിൻ നഗർ ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു. ഉച്ചയ്ക്ക് പുളിക്കക്കുന്നേൽ ജോർജിന്റെയും സാനിയുടെയും വീട് വെഞ്ചരിപ്പ് നടത്തി.

31 രാവിലെ സീതാമൗണ്ട് ദേവാലയത്തിൽ ബഹു. സി. മരീന FCC-യുടെ രജത ജൂബിലിയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

## ആഗസ്റ്റ് 2023

01 ഉച്ചയ്ക്ക് രുദ്രാക്ഷിപുര ദിവ്യ സനാധന ദേവാലയവും കോൺവെന്റും സന്ദർശിച്ചു.

02 രാവിലെ ഹുളിമാവ് സന്തോം ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. 10 മണിക്ക് ബാംഗ്ലൂർ സെന്റ് ജോൺസ് ഹോസ്പിറ്റലും തുടർന്ന് വിയാനി ഹൗസും, FCC സിസ്റ്റേഴ്സിന്റെ അൽഫോൻസാ ഭവനും സന്ദർശിച്ചു.

03 രാവിലെ ഹുളിമാവ് ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

04 രാവിലെ 10 മണിക്ക്, പുലിക്കുരുമ്പയിൽ ബഹു. സിസ്റ്റർമാരായ സി. ലീന NSന്റെയും സി. ലീനറ്റ് NS ന്റെയും പിതാവ് മാനുവൽ മരുതുംകുഴി യിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

06 രാവിലെ കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

07 ഉച്ചകഴിഞ്ഞ് കുറുക്കൻമൂലയിൽ നിര്യാതയായ കെ. ഒ. സൈമണുവേണ്ടി വീട്ടിൽ ചെന്ന് പ്രാർത്ഥിച്ചു. വൈകുന്നേരം നെല്ലിക്കാംപൊയിൽ നിര്യാത യായ ബഹു. സി. എവരിസ്റ്റ CMC ക്കുവേണ്ടി ഒപ്പീസ് ചൊല്ലി.

08 ഉച്ചയ്ക്ക് കുന്നോത്ത് നിര്യാതയായ ബഹു. സി. തോമസീന FCC ക്കു വേണ്ടി ഒപ്പീസ് ചൊല്ലി. വൈകുന്നേരം അങ്ങാടിക്കടവ് വച്ച് നടത്തപ്പെട്ട കുന്നോത്ത് ഫോറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

13 തലശ്ശേരിയിൽ വച്ച് നടത്തപ്പെട്ട KCYM സംസ്ഥാന സമിതിയുടെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനത്തിൽ യുവജനങ്ങൾക്കുവേണ്ടി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

15 രാവിലെ സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ ദേശീയ പതാക ഉയർത്തി. ഉച്ചയ്ക്ക് മാണ്ഡ്യ ബിഷപ്പ്സ് ഹൗസും മൈനർ സെമിനാരിയും സന്ദർശിച്ചു. തുടർന്ന് ഉള്ള ദിവസങ്ങൾ ബാംഗ്ലൂർ സെന്റ് ജോൺസ് ഹോസ്പിറ്റലിൽ ചികിത്സക്കായി ചിലവിട്ടു. (ആഗസ്റ്റ് 15 – 18).

SEPTEMBER 2023

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 03 | 08:30am | - | First Communion, Poolakutty |
| 05 | 10 am | - | Holy Mass, Padamkavala |
| 07 | 05 pm | - | Holy Mass, Panathur |
| 08 | 09:30 am | - | Holy Mass, Madapurachal |
| 09 | 12 pm | - | Betrothal, Alakode |
| 11 | 09 am | - | Holy Mass, Malom |
| 17-22 | | - | Annual Retreat, Thalassery |
| 26 | 09: 30 am | - | Holy Mass, Alakode |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജൂലൈ 2023

22 ചൂണ്ടപറമ്പ് ഇടവകയിൽ നിര്യാതനായ ജോസഫ് വെള്ളിമംഗലത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

23 സന്ദേശഭവനിൽ വച്ച് ആമുഖ സെമിനാറിൽ പങ്കെടുത്ത മതാധ്യാപകർക്കായി വിശുദ്ധ കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

26 വെളിമാനം ഇടവകയിൽ നിര്യാതനായ ജോസ് വടക്കേക്കരയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

28 കണ്ണൂർ ഇടവകയിൽ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

29 ഷാജി തെക്കേമുറി അച്ചന്റെ പിതാവ് ഫിലിപ്പ് തെക്കേമുറിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് പെരുമ്പിള്ളിച്ചിറ ഇടവകയിൽ മുഖ്യകാർമികത്വം വഹിച്ചു.

31 സിബി ആനക്കല്ലിലച്ചന്റെ സഹോദരൻ ചാക്കോ ആനക്കല്ലിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മാങ്ങോട് ഇടവകയിൽ മുഖ്യ കാർമികത്വം വഹിച്ചു.

### ആഗസ്റ്റ് 2023

01 കൂടരഞ്ഞി ഇടവകയിൽ നിര്യാതനായ ഫാ. മാത്യൂ പ്ലാത്തോട്ടത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

07 തലശ്ശേരി വിമലഗിരി കോൺവെന്റിൽ വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽക്കുകയും ചെയ്തു.

09 രാവിലെ നെല്ലിക്കാംപൊയിലിൽ നിര്യാതയായ സി. എവരിസ്റ്റ് CMC യുടെ മൃതസംസ്ക്കാര ശുശ്രൂകൾക്ക് സഹകാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ്

കുന്നോത്ത് നിര്യാതയായ സി. തോമസിന FCC യുടെ മൃതസംസ്ക്കാര ശുശ്രൂകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

12 BKJM സ്കൂൾ ഓഫ് നേഴ്സിംഗിൽ വച്ച് നടന്ന ഗ്രാജുവേഷൻ ഡേയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽക്കുകയും ചെയ്തു.

15 പാലാ കത്തീഡ്രൽ ഇടവകയിൽ വച്ച് നടന്ന മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയോടനുബന്ധിച്ചുള്ള വി. കുർബാനയിൽ സഹകാർമികത്വം വഹിച്ചു.

16 പാലാ രൂപതയിലെ അയർക്കുന്നം ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**SEPTEMBER 2023**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| 06 | - | Thamarassery: |
| | | Death anniversary of Mar. Paul Chittilapally |
| 09 | - | Iritty: Marriage |
| 17- 22 | - | Annual retreat |

**Secretary to the Archbishop Emeritus**


Inauguration...
2023 ജൂലൈ
29
ശനിയാഴ്ച
10.30 AM
ഉദ്ഘാടനം
ശ്രീ. പി. രാജീവ്
അദ്ധ്യക്ഷൻ
മാർ ജോസഫ്
ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി
കറിപൗഡർ യൂണിറ്റ് ഉദ്ഘാടനം
സെന്റ് തോമസ് പാരിഷ് ഹാൾ - കുന്നോത്ത്







RNI Reg. No. 5910 Date of Publication: 28/08/2023
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 06 ലക്കം : 09 വില : ₹10

# സെപ്റ്റംബർ 05 വി. മദർ തെരേസ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.